No. 5238

“ബാലസാഹിതി” നമ്പർ 2

# തമ്പികഞ്ഞു്

66

ഗ്രന്ഥകർത്താ:

ഇടപ്പള്ളി കെ. എൻ. നാരായണപിള്ള.

NATIONAL BOOK STALL
KOTTAYAM.
KALARIKAL BAZAAR

പ്രസാധകന്മാർ:

മംഗളോദയം ലിമിററഡ്,

തൃശ്ശിവപേരൂർ.

M028.S

First Impression in Mithunam, 1120

Copies—1000

Very Good.

EDITED BY

CHANGAMPUZHA KRISHNA PILLAY, M. A.

Price:
ANNAS EIGHT

Printed at
The Arunodayam Press,
Wadakanchery.

# തമ്പികുഞ്ഞ്

## അദ്ധ്യായം ഒന്ന്

മുക്കുറ്റിചൂടുന്നൊരമ്മമാരെ
മുക്കുറ്റിപൂത്തതറിഞ്ഞതില്ലേ?
പൂക്കുടം ചൂടിനതുമ്പകളെ
പൂക്കാലമോണത്തിനോടിയെത്തി.
പൂച്ചേടെകുഞ്ഞുങ്ങളെന്തറിഞ്ഞു
പൂച്ചെണ്ടുകെട്ടിക്കളിക്കുവേഗം!
കട്ടുമുടിച്ചുമുഖംതിരിഞ്ഞാൽ
കാട്ടാളരുണ്ടു ക്ഴിഞ്ഞുപോകും!

(കുഞ്ഞണ്ണൻ)

കണ്ടപ്പിള്ള, തോണ്ടപ്പിള്ളിലെയാണ്. പൂച്ചവർഗ്ഗത്തിൽ ജനിച്ചുവെന്നേയുള്ളു. ഭാര്യ ചക്കിയമ്മയോടു വളരെ സ്നേഹമാണ്. ചക്കിയമ്മയ്ക്കു കണ്ടപ്പിള്ളയോടും അങ്ങനെതന്നെ. ഇവക്ക് രണ്ടാൺകുട്ടികളുണ്ടായിരുന്നു. മൂത്തതു കുഞ്ഞണ്ണൻ ഈയിടെ കഴിഞ്ഞു പോയി. കവിതാവാസനയുള്ള കൊച്ചനായിരുന്നു. കുഞ്ഞണ്ണന്റെ അനുജനാണു നമ്മുടെ തമ്പികുഞ്ഞ്. അമ്മയുടെ കൂടെ നടന്ന് ഉപദേശങ്ങളെല്ലാം ഗ്രഹിച്ചു; അച്ഛന്റെകൂടെ നടന്ന് അഭ്യാസങ്ങളെല്ലാം പഠിച്ചു. എന്തെങ്കിലും ഒരു തൊഴിലിൽ പ്രവേശിച്ചു സുഖമായി ജീവിക്കണമെന്നുള്ള ഒരു വിചാരം മാത്രമേ ഇപ്പോൾ തമ്പികുഞ്ഞിനുള്ളു. ഏതു

ജോലിക്കുപോയാലും എനിക്കു കൂടക്കൂടെ കാണണമെന്നു് അമ്മ പറയും; എവിടെപ്പോയാലും മാനമായി കഴിയണ മെന്നാണു് അഛൻെറ അഭിപ്രായം. തമ്പികുഞ്ഞു് ര ണ്ടഭിപ്രായവും മൂളിക്കേൾക്കും. ഒരു നാട്ടുകായ്യസ്ഥനായാ ൽ കൊള്ളാമെന്നാണു കുഞ്ഞിനു മോഹം. എങ്ങനെയൊ തള്ളയിതറിഞ്ഞു. തന്തയുമറിഞ്ഞു. അഛനു സമ്മതമാ യി. അമ്മയൊന്നും മിണ്ടിയില്ല. അഛനില്ലാത്ത സമയം നോക്കി അമ്മയുടെ അഭിപ്രായമറിയാൻ തമ്പികുഞ്ഞു കാത്തിരുന്നു. തരം കിട്ടിയപ്പോൾ ഓടിച്ചെന്നു കായ്യം ചോദിച്ചു. അമ്മ പൊട്ടിച്ചിരിച്ചു. മകനു കോപം വന്നു.

അമ്മ:—മകനെ, കോപിക്കരുതു്; ഞാനങ്ങനെ ചി രിച്ചുവെന്നേയുള്ളു.

മകൻ:—എനിക്കു കോപമില്ല. അമ്മയുടെ ചിരി ഒരു പരിഹാസമായി എനിക്കു തോന്നി.

അമ്മ:—ഞാൻ നിന്നെ പരിഹസിച്ചല്ല ചിരിച്ച തു്; നിനക്കു നാട്ടുകായ്യസ്ഥനാകണമെന്നാണൊ മോഹം?

മകൻ:—അതെ!!

അമ്മ:—എന്നാൽ—ഇപ്പോൾതന്നെ നിനക്കു കാ യ്യസ്ഥത പഠിക്കാം.

മ:—അതെങ്ങനെ?

അ:—നിൻെറ അഛൻെറ പേരിൽ അനവധി പ രാതികൾ എൻെറ അടുത്തു വന്നിട്ടുണ്ടു്. നിങ്ങളോടു ആ രോടും ഞാനതു പറഞ്ഞില്ലന്നേയുള്ളൂ. ആ പരാതികളൊ ക്കെ ആദ്യം തീക്കു; ഒരു നല്ല കായ്യസ്ഥനാവാം.

മ:—പരാതിയുടെ സമ്പ്രദായം?

അ:—അതാ ഒരുത്തി വരുന്നു; തമ്പി മറഞ്ഞു നില്ക്കു; സമ്പ്രദായം കേൾപ്പിച്ചു തരാം.

തമ്പി അവിടെത്തന്നെ ഒതുങ്ങി മറഞ്ഞു; ചക്കി അല്പം മുന്നോട്ടു നടന്നു. ഒരു പിടക്കോഴി കരഞ്ഞുകൊണ്ടു അടുത്തുവന്നു.

ചക്കി:—എന്താ, തള്ളെ?

പിട:—എൻെറ ചക്കിയമ്മേ—എന്നെ തള്ളയെന്നു വിളിക്കരുതേ—,, എൻെറ പിള്ളേരെ മുഴുവൻ കണ്ടപ്പിള്ള തിന്നല്ലോ-ദൈവമേ, ദൈവത്തിനു കണ്ണില്ലല്ലോ.

ചക്കി:—അദ്ദേഹം ഇവിടെ വരട്ടെ—ഞാനൊന്നു ചോദിക്കാം.

പിട:—നമ്മളാരും പറഞ്ഞാൽ ആണുങ്ങൾ കേൾക്കുല്ല ചക്കിയമ്മേ,

ചക്കി:—ഒന്നുകൂടിപ്പറയു; ശരിയാണു നിങ്ങൾ പറഞ്ഞതു്.

പിട:—മകനോടൊന്നു പറഞ്ഞുനോക്കരുതെ—മകൻ പറഞ്ഞാൽ അച്ഛൻ കേൾക്കും.

ചക്കി:—അങ്ങനെതന്നെ. അവൻെറ യോഗ്യതയും ഒന്നു അറിയാമല്ലൊ?

പിട:—കുറച്ചു കാലമേ ആയൊള്ളു; കണ്ടപ്പിള്ള തരം മാറിത്തുടങ്ങീട്ടു്.

ചക്കി:—വാസ്തവം; വയസ്സുകാലം അടുത്തപ്പോൾ സ്വഭാവം മാറിയായിരിക്കും; എത്ര പേരായി ഇങ്ങനെ വന്നു സങ്കടം പറയുന്നു; എല്ലാവക്കുമില്ലെ പിള്ളേരു്; നിങ്ങൾ പൊയ്ക്കോള്ളു. ഞാൻ നിവൃത്തിയുണ്ടാക്കാം.

പിട:—മകനു സുഖമാണൊ? നല്ലപോലെ ഇരിക്കുന്നോ?

ചക്കി:—സുഖമാണു്; മകന്റെ പുറപ്പാടും കണ്ടാലറിയാം; ഈ അച്ഛന്റെയല്ലെ മകൻ.

പിട:—എന്റെ ദൈവമേ, നല്ല സ്വഭാവം വരുത്തണെ; മൂത്ത കുഞ്ഞിന്റെ സ്വഭാവം എത്ര നല്ലതായിരുന്നു. അതിന്റെ ഒരു പാട്ടും ശ്ലോകങ്ങളും—ഇന്നു കാലത്തുകൂടി ഞാനും അങ്ങേരും അവിടെക്കൂടിയിരുന്നവരും എല്ലാവരും പറഞ്ഞു വ്യസനിച്ചു കെട്ടോ–,,

ചക്കി:—(കരഞ്ഞു തുടങ്ങി)

പിട:—ഒന്നു മിണ്ടാതിരിക്കു ചക്കിയമ്മെ, മാനുവുകണ്ടും മക്കളെകണ്ടും സന്തോഷിക്കാറുണ്ടൊ?

ചക്കി:—നേടീതൊക്കെ സമ്പത്തും പെറാതൊക്കെ മക്കളുമാണൊ; നിങ്ങൾ സമാധാനമായി പോകു.

പിടക്കോഴി പോയി. ചക്കി, തമ്പിയുടെ മുഖത്തു നോക്കി.

തമ്പി:—പരാതിയുടെ സമ്പ്രദായം മനസ്സിലായി.

ചക്കി:—അഛനെ മര്യാദയ്ക്കു നിറുത്തിയിട്ടു് എന്റെ മകനു് നാട്ടുകാര്യസ്ഥനാകാമല്ലൊ.

തമ്പി:—ഈ മാതിരി പരാതികളാണൊ വന്നിട്ടുള്ളതെല്ലാം?

ചക്കി:—ദൈവമേ ദൈവമേ,

തമ്പി:—ഒരു തരവുംകൂടി കേൾക്കട്ടെ.

ചക്കി:—ഇന്നലെ വന്നിരിക്കുന്നു ഒരു മുതുക്കൻ.

തമ്പി:—ജാതി?

ചക്കി:—അണ്ണാൻ.

തമ്പി:—എന്തു പിണഞ്ഞു?

ചക്കി:—അദ്ദേഹത്തിൻെറ മകനോ-മകൻെറ മകനോ-ഞാനോൎമ്മിക്കുന്നില്ല. നല്ല ചെറുപ്പം. കല്യാണം കഴിഞ്ഞു മണവാട്ടിയേയും കൊണ്ടു വീട്ടിലേക്കു പോവുകയായിരുന്നു. നിൻെറ അച്ഛൻ അവിടെയെങ്ങോ ഉണ്ടായിരുന്നുവെന്നാണ് പറയുന്നതു്. കല്യാണക്കാരു് അദ്ദേഹത്തെ കണ്ടില്ല. അതുകൊണ്ടു മണവാളനേയും കണ്ടില്ല.

തമ്പി:—ഓഹോ-ഇതാണോ?

ചക്കി:—മുഴുവൻ കേൾക്കു.

തമ്പി:—അല്ല, തീൎന്നില്ലേ. പിന്നെ?

ചക്കി:—എച്ചിലു കിച്ചിലു, എന്നിങ്ങനെ മണവാട്ടി അവിടെക്കിടന്നു നിലവിളിച്ചു. അവളേയും കണ്ടില്ല. അത്രയേ ഉള്ളു.

തമ്പി:—അമ്മേ, ഞാൻ കുറച്ചു ചിരിക്കട്ടെ. (കുറെ നേരം ചിരിച്ചു.)

ചക്കി:—ഇതൊക്കെ കേട്ടിട്ടു ചിരിക്കുന്നവനാണോടാ നാട്ടുകാൎയ്യസ്ഥനാകാൻ പോകുന്നതു്?

തമ്പി:—ഇന്നലെ ഉച്ചയ്ക്കു് അമ്മയ്ക്കു ഞാനൊരു സാധനം തന്നതു നന്നായിരുന്നോ?

ചക്കി:—അയ്യയ്യാ,

തമ്പി:—അമ്മ പറഞ്ഞ മണവാട്ടിയുടെ മാംസമാണതു്.

ചക്കി:—(പയ്യെ ചിരിച്ചുകൊണ്ടു്) മണവാട്ടി യോഗ്യത്തി തന്നെ. നിനക്കെവിടുന്നു കിട്ടി?

തമ്പി:—മണവാട്ടിയെ പിടിച്ചതു ഞാനാണു്.

ചക്കി:—മണവാളനെ?

തമ്പി:—അഛൻ.

ചക്കി:—അഛനേയും മകനേയും തിരിച്ചറിയാൻ മഹാ വിഷമമാണു്. അതുകൊണ്ടു പരാതിയൊക്കെ അഛന്റെ തലയ്ക്കുതന്നെ ഇരിക്കട്ടെ.

തമ്പി:—ഞങ്ങളൊരിക്കലും ഒരുമിച്ചു നിൽക്കുകയില്ല. അഛൻ മണവാളനെ പിടിച്ചതു് എന്നെ സഹായിക്കാനായിരുന്നു; അതുകൊണ്ടാണു് എനിക്കു മണവാട്ടിയെ കിട്ടിയതു്.

ചക്കി:—അതു നന്നായി. ഇപ്പോഠം വന്ന പിടക്കോഴിയുടെ കുഞ്ഞുങ്ങളെ മുഴുവൻ തിന്നതാരാണു്?

തമ്പി:—അവഠം കള്ളിയാണു്; ഒരു കുഞ്ഞേ ഉണ്ടായിരുന്നുള്ളു; അതിനെ ഞാനാണു പിടിച്ചതു്. അഛനല്ല.

ചക്കി:—നിന്റെ അഛൻ ഇന്നലെ ഉച്ചയ്ക്കു പോയതാണല്ലൊ.

തമ്പി:—ഞങ്ങളെപ്പോലെ ഉള്ളവക്കും ദൈവസഹായമുണ്ടു്; അമ്മ പേടിക്കേണ്ട.

ചക്കി:—ഇന്നലെ അത്താഴത്തിനു നീ കൊണ്ടുവന്ന മാംസം എന്തായിരുന്നു?

തമ്പി:—രണ്ടേ രണ്ടു കുരുവിക്കുഞ്ഞിന്റെ.

ചക്കി:—ആ പരാതി ഇവിടെ വന്നില്ലല്ലൊ.

തമ്പി:—കുറച്ചു നേരമായി സർപ്പക്കാട്ടിൽ വന്നിരുന്നു് ചക്കിയമ്മേ—ചക്കിയമ്മേ—എന്നു വിളി തുടങ്ങീട്ടു്.

ചക്കി:—ഞാൻ അവരെ ഒന്നു പറഞ്ഞയയ്ക്കട്ടെ.

തമ്പികഌഞ്ഞു പല മറവുകളിൽ മറഞ്ഞു് സപ്പക്കാട്ടിൽ ആദ്യമെത്തി ഒളിച്ചു. ചക്കി പിന്നീടാണു ചെന്നതു്.

ചക്കി:—എന്താ- പതിവില്ലാത്തവണ്ണം രണ്ടുപേരും കൂടി പുറപ്പെട്ടതു്?

പെൺകുരുവി:—രണ്ടു കുഞ്ഞുങ്ങളുണ്ടായിരുന്നതു് ഇന്നലെ സന്ധ്യ കഴിഞ്ഞപ്പോൾ നിങ്ങടെ കണ്ടപ്പിള്ള— എന്തു പറയാനാണു്!

ചക്കി:—കഷ്ടം! കഷ്ടം! ഇവിടെ വരട്ടെ. ഞാനൊന്നു ചോദിക്കട്ടെ. മറവുള്ളവരെ കണ്ണീരു കുടിപ്പിക്കാൻ തന്നെ നയമ്പും നോററു നടക്കയാണു്. ഇത്രയും പ്രായമായല്ലൊ. ഞാൻ വല്ല വഴിക്കും പോകും. അചനും മകനും കൂടി പൊറുക്കട്ടെ.

പെ. കു:—ഞങ്ങൾക്കു വരാനുള്ളതു വന്നു; നിങ്ങളെന്തെല്ലാം പറഞ്ഞാലും പ്രവൃത്തിച്ചാലും ഞങ്ങൾക്കു പ്രയോജനമൊന്നുമില്ല. നിങ്ങൾക്കൊരു മകനുണ്ടായിരുന്നല്ലൊ. എവിടെപ്പോയി?

ചക്കി:—ഇവിടെയെങ്ങാനും കാണും.

ആ: കു:—"ഇപ്പേപ്പെ ദൈവം അപ്പേപ്പെ."

പെ: കു:—നിങ്ങളുടെ കണ്ടപ്പിള്ള സന്ധ്യ കഴിഞ്ഞപ്പോൾ ഞങ്ങളുടെ കുഞ്ഞുങ്ങളെ കടിച്ചു കടിച്ചു കൊല്ലാക്കൊല ചെയ്യുന്നതു ഞങ്ങൾ കണ്ടു. അതു ദൈവവും കണ്ടു.

ആ: കു:—ദൈവം കാണുെല്ല; ദൈവം കാണും; ദൈവം കണ്ടു; ദൈവം കണ്ടു.

പെ: കു:—ഇന്നലെ സന്ധ്യയ്ക്കുമുമ്പു് നിങ്ങളുടെ മകൻ ആരോ വെച്ച വലയിൽ കുടുങ്ങിപ്പോയി. ഞങ്ങളിന്നു കാലത്തു കാണുകയും ചെയ്തു.

ചക്കി:—ജീവനുണ്ടോ?

പെ: കു:—അപ്പോഴും ജീവനുണ്ടു്.

ചക്കി:—കണ്ടിട്ടെത്ര നേരമായി? വേഗം പറയു.

പെ: കു:—കണ്ടിട്ടു് അതുവഴി ഇവിടേയ്ക്കാണു പോന്നതു്.

ചക്കി:—സ്ഥലം?

പെ: കു:—ചരിവു പാടത്തിൻെറ കരയിലെ കുററിക്കാട്ടിൽ.

ചക്കി പാഞ്ഞു. അതിനു മുമ്പിൽ തമ്പിക്കളഞ്ഞും.

# അദ്ധ്യായം രണ്ട്.

കണ്ടപ്പിള്ളയ്ക്കു പൂവാലൻ എന്നു പേരുള്ള ഒരു കൂട്ടുകാരൻ കൂടക്കുണ്ടായിരുന്നു. ഇവരൊരുമിച്ചാണു സാധാരണ ഇര തേടുന്ന പതിവ്. അടുത്തു കഴിഞ്ഞ രണ്ടു ദിവസമായി ഇവരുടെ കൂട്ടുകെട്ടിൽ യാതൊരു ഭക്ഷണവും കിട്ടിയില്ല. കണ്ടപ്പിള്ളയ്ക്കു തോണ്ടപ്പിള്ളിൽ ചെന്നാൽ ഉള്ളതിലോഹരി കഴിക്കാം. അദ്ദേഹം അങ്ങനെ കഴിക്കുകയും ചെയ്തു. പൂവാലനാകട്ടെ, വെറും പട്ടിണി ആയിപ്പോയി. അസഹ്യമായ വിശപ്പോടുകൂടി ആലോചിക്കാൻ തുടങ്ങി:— ചരിവു പാടം; അതിൻെറ കരയിലൊരു കുററിക്കാട്; കണ്ടപ്പിള്ള അതിൽ ചാടി; വലക്കാരൻ വന്നു കണ്ടു; തല്ലിക്കൊന്നു വലിച്ചെറിഞ്ഞു. രാത്രിയായി; ഞാനടുത്തുചെന്നു; വയറു നിറയെ തിന്നു. ശേഷിപ്പുള്ളതു് ഒളിച്ചുംവെച്ചു. ഇങ്ങനെയുള്ള കുറുപാടു മനസ്സിൽ കണ്ടു. വിശപ്പുകൊണ്ടു കിടന്നുരുണ്ടിട്ടു് വീണ്ടും ചിന്തയിലായി:—

"ഒരുവൻതന്നെക്കളെ

ഞ്ഞൊരിടം രക്ഷിക്കേണം"

എന്ന ലോകോപദേശം കണ്ടുപിടിച്ചു. അതിനൊരു വ്യാഖ്യാനവും തയ്യാറാക്കി. ഒരിടം രക്ഷിക്കണം. തീർച്ചയായും രക്ഷിക്കണം. അതു് എൻെറ കുഡുംബംതന്നെ. എൻെറ കുഡുംബത്തിനു രക്ഷ കിട്ടണമെങ്കിൽ ഞാൻ ആഹാരം കഴിക്കണം. അതിലേയ്ക്കു് ഒരുവൻതന്നെക്കളയണം. നിശ്ചയമായും കളയണം. കണ്ടപ്പിള്ളയെതന്നെ കളയണം. പ്രമാണം ഒന്നുംകൂടി ചൊല്ലിനോക്കി; വ്യാ

ഖ്യാനവുമായി യോജിപ്പിച്ചു. ഒത്തിരിക്കുന്നു. മുഖം തെളിഞ്ഞു.

അവിടെ ഒരു വയലിന്റെ കരയിൽ അങ്ങിങ്ങായി ചില കുററിക്കാട്ടുകളുണ്ട്. ഇക്കൂട്ടർ അവയിൽ പതിയിരുന്ന് വയലിലുള്ള ഞണ്ട്, ഞവണിക്ക, തവള തുടങ്ങിയ ജീവികളെ പിടിച്ചു തിന്നിരുന്നു. അതിലൊരു കാട്ടിൽ ആരോ ഒളിവായി വല കെട്ടിയിരുന്നതു പൂവാലൻ കാണുകയുമുണ്ടായി. ആ വലയേയും കണ്ടപ്പിള്ളയേയും തമ്മിൽ യോജിപ്പിച്ചു നടത്തിയ മനോരാജ്യമാണ് മുകളിൽ പ്രസ്താവിച്ചത്.

പതിവുപോലെ ചെങ്ങാതി വന്നുചേർന്നു. സന്തോഷമായി സ്വീകരിച്ചു. നാട്ടുവർത്തമാനങ്ങൾ പലതും തമ്മിൽ പറഞ്ഞു. പൂവാലന്റെ വിശപ്പും ക്ഷീണവും പുറത്തുകാണിച്ചില്ല. കണ്ടപ്പിള്ള മുമ്പിലും പൂവാലൻ പുറകെയുമായി നടന്നു. പൂവാലവൻ പറഞ്ഞ കാട്ടിലേയ്ക്കു കണ്ടപ്പിള്ള ആദ്യം കടന്നു. അപ്പോൾ തന്നെ വലയിലും കുടുങ്ങി. ചെങ്ങാതിക്ക് അപകടം പററിയതിൽ വ്യസനിച്ചു നിലവിളിക്കുന്ന ഭാവത്തിൽ കുറുക്കൻ കൂവിത്തുടങ്ങി.

കണ്ടപ്പിള്ള പറഞ്ഞു:—ഇഷ്ടാ — എന്നെ ചതിക്കരുത്. നേരം പകൽ സമയമാണ്. ആളുകൾ വന്നുകൂടും. രക്ഷപ്പെടാൻ സൌകര്യമുണ്ടാവുകയില്ല.

പൂവാലൻ:—കണ്ടപ്പിള്ളേ—ഞാനെങ്ങനെ സഹിക്കും. അയ്യോ—(കൂവുന്നു)

ക: പി:—നിറുത്തു ചങ്ങാതി; നാം ഒരുമിച്ചു കളിഞ്ഞവരാണ്.

പൂവാ:—അതോർത്തിട്ടാണു് എനിക്കു സഹിക്കാൻ പാടില്ലാത്തതു്; അയ്യോ—(കൂവുന്നു).

ക: പി:—താങ്കൾ എന്നെ ചതിക്കുകയാണൊ?

പൂവാ:—എനിക്കു നിവൃത്തിയില്ല കണ്ടപ്പിള്ളേ— ദൈവമെ—അയ്യോ (കൂവുന്നു.)

ക: പി:—ഇഷ്ടാ, താങ്കൾക്കു വ്യസനമുണ്ടായിരിക്കാം. ഇത്രത്തോളം ശബ്ദിച്ചതുകൊണ്ടുതന്നെ ആപത്തു വർദ്ധിച്ചിരിക്കാം. വ്യസനം അല്പം അടങ്ങുന്നതിനുമാത്രം നിങ്ങൾ നിലവിളിക്കുകയും ചെയ്തു. എന്തായാലും ഇനിയും നിങ്ങൾ ഒച്ചയുണ്ടാക്കരുതു്.

പൂവാ:—കണ്ടപ്പിള്ളേ മതിയായില്ല; ദൈവമേ— (കൂവുന്നു.)

ഈവിധം നേരം സന്ധ്യയായി. ഒരുത്തനും വന്നു കണ്ടപ്പിള്ളയെ തല്ലിക്കൊന്നില്ല. കുറുക്കനു് അതുകൊണ്ടുള്ള കലശലായ വ്യസനം ഒതുങ്ങാഞ്ഞിട്ടു കഴിയുന്നതും ഉച്ചത്തിൽ കൂവിത്തുടങ്ങി. ഇടയ്ക്കിടയ്ക്കു്, "സഹിക്കാൻ പാടില്ലാഞ്ഞിട്ടാണു കണ്ടപ്പിള്ളേ" എന്നും പറയും. ആരും വരുന്നില്ല; നേരവും പാതിര കഴിഞ്ഞു. പതിവിൽ കവിഞ്ഞു കൂവിയതുകൊണ്ടും പട്ടിണികൊണ്ടും കുറുക്കന്റെ ഒച്ചയടഞ്ഞു. ക്ഷീണിച്ചു കിടന്നു. എന്നാലും കണ്ണുകൾ കണ്ടപ്പിള്ളയുടെ ചൊവ്വിനുതന്നെയായിരുന്നു. കിളികൾ കരഞ്ഞു തുടങ്ങി; കുളിർകാററു വീശി; വിശന്നു തളൎന്ന കുറുക്കൻ അവിടെനിന്നു യാത്രയായി. ഒരുവിധം പാപ്പിടത്തിലെത്തി കൈകാലുകൾ നീട്ടി കിടപ്പിലായി.

ഉച്ചയ്ക്കുമുമ്പ് ആളുകൾ കൂടിക്കഴിഞ്ഞു. വലയുടെ കെട്ടു പൊട്ടിയിട്ടുണ്ട്; അതുകൊണ്ടു വലിയ പ്രയോജനം ഉണ്ടെന്നു തോന്നുന്നില്ല. അടുത്ത കാട്ടിൽതന്നെ തമ്പിക്കുഞ്ഞും ചക്കിയമ്മയും ഉറവുനോക്കി ഇരിക്കുന്നുണ്ട്. കണ്ടെപ്പിള്ളയ്ക്കു ചുററുമുള്ള കാട് ഒതുങ്ങിപ്പോയി. ഒരുത്തൻ ഉലക്കയുമായി അടുത്തു. ചക്കിയമ്മ ഇളകാൻ തുടങ്ങി. തമ്പിക്കുഞ്ഞു പറഞ്ഞൊതുക്കി;—ഇതു സാരമില്ല; അടിക്കുന്നവന്റെ കയ്യു നോവും; അത്രയേ ഉള്ളു. അടി നേരിട്ടാണ്; അച്ഛൻ ഇടത്തു മാറും. ഉലക്കത്തല നിലത്തുകുത്തും; മാന്യന്റെ കയ്യു കളയും.

അടികഴിഞ്ഞു; പറഞ്ഞതുപോലെ പററി. മാന്യനു കോപം വന്നു. ഉന്നം വിലങ്ങത്തിലാക്കി. ചക്കിയുടെ തല കറങ്ങി. തമ്പിക്കുഞ്ഞു ധൈര്യമായി പറഞ്ഞു:—ഇതും സാരമില്ല; അടി പററുന്നതിനുമുമ്പ് അച്ഛൻ അടിക്കുന്നവനോട് അടുത്തു നീങ്ങും. മുൻപോലെ പററും. അടി കഴിഞ്ഞു. ഉലക്കകെളഞ്ഞു. കമ്മട്ടിപ്പത്തലെടുത്തു. ചക്കി കരഞ്ഞു. തമ്പി ചിരിച്ചു. തള്ളയൊതുങ്ങി. മകൻ പറഞ്ഞു:—ശരിക്കുശരി; വലത്തു നീങ്ങും; അപ്പോൾ പത്തലിനു നീളം പോര. തല്ലുനടന്നു; ഉരുമ്മിപ്പോയി; അതു രോമത്തിന്മേൽ. അതാവരുന്നു ആടിപ്പാടി കോടാലിയുമായി ചോടുവെച്ച് മറെറാരു കേമൻ.

പാട്ട്

കണ്ടേമ്പൂച്ചേ കെണ്ടേമ്പൂച്ചേ
കോഴിക്കുഞ്ഞേ തിന്നുംപൂച്ചേ

കോഴികുഞ്ഞും തിന്നും പൂച്ചേ
"ബഞ്ചബഞ്ചാ, ബഞ്ചബഞ്ചാ"
കണ്ടംവെട്ടിത്തുണ്ടംവെട്ടി
കുരുകുരെ, കുരുകുരെ
കുരുകുരെയാക്കിത്തിന്നും
തിന്നും കോഴികുഞ്ഞുംന്നിന്നെ.

ചക്കി തളൎന്നു; തമ്പി പറഞ്ഞു:—നേരിയ ചുണ്ടൻ; ഭാവം കാട്ടും; നോക്കിക്കൊള്ളൂ. ആടിയടുത്തു; എന്തൊരു ഭാവം; എന്തൊരു ഭാവം; ഭാവം മാത്രം. ഒന്നു തിരിഞ്ഞു. അങ്ങു നടന്നു. തോളിൽത്തൂങ്ങി കോടാലി. കഷ്ടം! കഷ്ടം! മാൎജ്ജാരവധം; കൊച്ചടി കാണാൻ കൊതിയുണ്ടെങ്കിൽ പോവിൻ! പോവിൻ! വീട്ടിൽ പോവിൻ. എന്നു പറഞ്ഞു. കേമൻ വേഗം ദൂരെപ്പോയി. മറെറാരു മാന്ന്യൻ ചണച്ചരടു പിരിച്ചു തുടങ്ങി. തമ്പികുഞ്ഞിനു ഭാവം മാറി. ചക്കി വിളിച്ചു; കുഞ്ഞേ കുഞ്ഞേ, വേണ്ടേ വേണ്ട, പേടിക്കേണ്ട; താമ്പിട്ടല്ലോ.

ആ മാന്ന്യൻ ജൗളി കെട്ടിവരുന്ന ഒരു വക ചണച്ചരടു ഭംഗിയായി പിരിച്ചു താമ്പിട്ടു കുടുക്കുണ്ടാക്കി പൂച്ചയുടെ തല വെളിയിൽ വരുത്തി പശുവിനെ കെട്ടുന്നതുപോലെ കുടുക്കു കഴുത്തിലിട്ടു. പിന്നീടു വലയൊതുക്കി അതിനെ വെളിയിലാക്കി.

തമ്പികുഞ്ഞു ഉടൻ പറഞ്ഞു:—ആ മാന്ന്യൻ ധീരനും അഭ്യാസിയുമാണ്. മുഖവും നിലയും കണ്ടാൽ അതു മനസ്സിലാക്കാം. അമ്മ സൂക്ഷിച്ചു നോക്കു.

അമ്മ:—ശരിയാണ്.

ത: കു:—അച്ഛനു രക്ഷയുണ്ടോ?

അമ്മ:—ഉണ്ടു്; മകൻ ജീവിച്ചിരിക്കുമ്പോൾ.

ത: കു:—ഇങ്ങനെ ഒരമ്മമാത്രം ജീവിച്ചിരിക്കുന്നു; എന്നാലൊ?

അമ്മ:—എന്നാലുമുണ്ടു്.

ത: കു:—അമ്മ പോകണം; ഞാനും അച്ഛനും കൂടി വരാം.

അമ്മ:—കുഞ്ഞേ, അദ്ദേഹത്തിൻെറ യാത്ര കൂടി കാണട്ടെ.

ത: കു:—ഒരു കുരങ്ങിനെപ്പോലെ മുമ്പു നടക്കും; അണ്ണാൻകുഞ്ഞിനെപ്പോലെ ഇണങ്ങിച്ചേരും.

അമ്മ:—അതെന്തിനു്?

ത: കു:—അച്ഛനമ്മമാരുടെ ഉപദേശങ്ങൾ ഞാൻ പഠിച്ചിട്ടുണ്ടു്; പരിശോധിക്കയാണൊ?

അമ്മ:—അതെ.

ത: കു:—ശരീരം സൂക്ഷിക്കാൻ.

അമ്മ:—നമ്മുടെ വർഗ്ഗക്കാർ സാധാരണ എന്തു ചെയ്യും?

ത: കു:—കഴുത്തിൽ വള്ളിയിട്ടാൽ പുറകോട്ടു വലിയ്ക്കും.

അമ്മ:—അതെന്തിനു്?

ത: കു:—സൂത്രം.

അമ്മ:—പിടിച്ചുവലിച്ചാൽ?

ത: കു:—ചാടാൻ നോക്കും.

അമ്മ:—എന്നിട്ടും രക്ഷയില്ലെങ്കിൽ?

ത: കു:—എതിൎത്തു് എതിരാളിയുടെ മുഖത്തു മാന്തും.

അമ്മ:—അതെന്തുകൊണ്ടു്?

ത: കു:—പുലിയുടെ വംശമായതുകൊണ്ടു്.

അമ്മ:—അച്ഛനിപ്പോൾ എന്തു ചെയ്യും?

ത: കു:—ബുദ്ധിയോടുകൂടി പെരുമാറും.

മകനെ, നോക്കിപ്പടിയ്ക്കൂ; എന്നു പറഞ്ഞിട്ടു് അമ്മ പോയി. ആ മാന്ത്യനും കണ്ടപ്പിള്ളയുമായി ഇണങ്ങിക്കൊണ്ടു് അവരും പോയി. മാന്ത്യൻ മാംസം ഉപയോഗിക്കുന്ന ആളാണെന്നു തമ്പിക്കുഞ്ഞിനറിയാം. അദ്ദേഹത്തിൻെറ കുഡുംബത്തിൽ തമ്പി പരിചയിച്ചിട്ടുണ്ടു്. തൻെറ പിതാവിൻെറ മാംസം ഇഷ്ടപ്പെടുന്നുവെങ്കിൽ അതു സാധിക്കാൻ തൻേറടമുള്ള കരത്തിലാണു പിതാവു് അകപ്പെട്ടിരിക്കുന്നതെന്നു് മനസ്സിലാക്കി. ആ നാട്ടിൽ പുലിയങ്കം വെട്ടുവാൻ പരിശീലിച്ചിട്ടുള്ള ഒരേ ഒരു മനുഷ്യൻ ഇദ്ദേഹം മാത്രമേ ഉള്ളുവെന്നും തമ്പി ഗ്രഹിച്ചിട്ടുണ്ടു്. എന്തായാലും പ്രയാസമുള്ളതും എന്നാൽ രസമുള്ളതുമായ ഒരു കാൎയ്യത്തിൽ താൻ ഏൎപ്പെട്ടുകഴിഞ്ഞുവെന്നു തീൎച്ചപ്പെടുത്തി. കരുതലോടുകൂടി അച്ഛനെ പിന്തുടൎന്നു. മകൻ പുറകെ ഉണ്ടെന്നു് അച്ഛനറിഞ്ഞു. ഒരു യുദ്ധത്തിനു പററിയ സ്ഥലമല്ല, ഈ വഴിയെന്നു് അറിയിച്ചുകൊണ്ടു കണ്ടപ്പിള്ള ഒന്നു കാഞ്ഞു. മകൻ ശരിവെച്ചു. കണ്ടപ്പിള്ള പുതിയ ഗൃഹത്തിൽ പ്രവേശിച്ചു. പടിഞ്ഞാറുവശം തൂണിൽ ബന്ധിക്കപ്പെട്ടു.

# അദ്ധ്യായം മൂന്നു്.

തമ്പിക്കുഞ്ഞു നേരിട്ടു പൂവാലൻെറ ഗൃഹയിൽ ചെന്നു. ദൂരെവെച്ചു തന്നെ പൂവാലൻ തമ്പിക്കുഞ്ഞിനെ കണ്ടു. അപ്പോൾ മുതൽ കരഞ്ഞുകൊണ്ടു കിടപ്പായി. തൻെറ പിതാവും പൂവാലനും തമ്മിലുള്ള മൈത്രിയെ ഉദ്ദേശിച്ചു മാത്രമാണു് തമ്പിക്കുഞ്ഞു് അവിടെ ചെന്നിട്ടുള്ളതു്. അഛനു ചതിവു പററിയതൊന്നും മകനറിഞ്ഞിട്ടില്ല്യ. പൂവാലൻ കരഞ്ഞുകൊണ്ടു പറഞ്ഞു:—കണ്ടപ്പിള്ള കഴിഞ്ഞുപോയി, അല്ല്യെ?

തമ്പി:—ഇപ്പൊഴെങ്ങുമില്ല്യ.

പൂ:—തോണ്ടപ്പിള്ളിലുണ്ടൊ?

ത:—മറെറാരിടത്തുണ്ടു്.

പൂ:—രക്ഷയുണ്ടോ?

ത:—ഉണ്ടു്

പൂ:—അതിനുള്ള വഴി?

ത:—ആലോചിക്കണം.

പൂ:—അലോചിച്ചില്ല്യെ?

ത:—അതിനാണു വന്നതു്.

പൂ:—ഇപ്പൊഴും ബന്ധനത്തിലാണോ?

ത:—അതെ.

പൂ:—വലയിൽതന്നെയൊ?

ത:—ചണച്ചരടുകൊണ്ടു കെട്ടി, വയലിൻെറ കരയിലുള്ള മാന്യൻെറ ഗൃഹത്തിൽ

പൂ:—ആ മാന്യൻ അഭ്യാസിയും കരുതലുള്ള
ആണു്. 66

ത:—അറിയാം.

പൂ:—രക്ഷിക്കാൻ അല്പം വിഷമമാണു്.

ത:—വിഷമം തീക്കണം.

പൂ:—എങ്ങനെ?

ത:—ബുദ്ധികൊണ്ടു്.

പൂ:—ഈയിടെ എന്റെ ബുദ്ധിക്കു വലിയ പ്രയോജനം കാണുന്നില്ല.

ത:—ബുദ്ധിക്കു ജയമുണ്ടു്; ദുർബുദ്ധിക്കു ജയമില്ല.

പൂ:—(തമ്പിയുടെ മുഖത്തേയ്ക്കു തുറിച്ചു നോക്കുന്നു).

ത:—എന്താ—തുറിച്ചു നോക്കുന്നതു്?

പൂ:—കണ്ടപ്പിള്ളയുമായി സംസാരിച്ചോ?

ത:—അടുക്കാൻതന്നെ സാധിച്ചില്ല.

പൂ:—(വീണ്ടും തുറിച്ചു നോക്കുന്നു.)

ത:—വീണ്ടും വീണ്ടും തുറിച്ചു നോക്കുന്നതെന്തിനാണു്?

പൂ:—അച്ഛൻ ആപത്തിൽ കിടക്കുമ്പൊഴും മകന്റെ ധൈര്യം കണ്ടിട്ടാണു്.

ത:—അതുമിതും പറയാനല്ല ഞാനിവിടെ വന്നതു്; അച്ഛനെ രക്ഷിക്കാനുള്ള വഴിയെന്താണു്?

പൂ:—കുഞ്ഞൊന്നും തീരുമാനിച്ചില്ലേ?

ത:—അച്ഛന്റെ ബന്ധുവായ താങ്കളുമായി ആലോചിച്ചു തീരുമാനിക്കാനാണു് ഇവിടെ വന്നതു്. തയ്യാറുണ്ടോ?

പൂ:—ചണച്ചരട്ട തീയിൻെറ പ്രയോഗംകൊണ്ടു വേ
ം പൊട്ടിക്കാൻ.

ത:—അങ്ങനെതന്നെ.

പൂ:—ഗ്രഹനായകനേയും നായികയേയും കണ്ടപ്പി
ള്ളയുടെ സമീപത്തുനിന്നു മാററണം.

ത:—അതിനെന്തുവേണം?

പൂ:—ഒരു ചരടു നിങ്ങളുടെ കഴുത്തിലും ഇടണം;
സന്ധ്യകഴിഞ്ഞു് നിങ്ങൾ വീട്ടുകാരുടെ മുമ്പിൽക്കൂടി മാ
റിപ്പോകണം.

ത:—മനസ്സിലായി; അച്ഛൻ കെട്ടഴിഞ്ഞു പോവുക
യാണെന്നു കരുതി അവർ എന്നോട്ടു് അടുക്കും.

പൂ:—അതു വഴി നിങ്ങൾ അവരെ ദൂരെക്കൊണ്ടു
പോകണം.

ത:—കൊണ്ടു പോകാം; അച്ഛനെ ആരാണു രക്ഷി
ക്കുന്നതു്?

പൂ:—ഞാനും ചക്കിയമ്മയും.

ത:—എങ്ങനെ രക്ഷിക്കും?

പൂ:—ആ വീട്ടിൽ മണ്ണെണ്ണയുണ്ടാകും; കുറച്ചു പഴ
ന്തുണി ചക്കിയമ്മ അതിൽ മുക്കി എന്നെ ഏല്പിക്കും. ഞാ
ൻ ചരടിൽ ചുററി കത്തിക്കും. കരിഞ്ഞു തുടങ്ങിയാൽ
വലിച്ചു പൊട്ടിക്കാം.

ത:—കൊള്ളാം. തീയെടുക്കുന്നതാരാണു്?

പൂ:—മീശ കരിയാതെ ഞാനൊ ചക്കിയമ്മയൊ അ
പ്പോഴത്തെ സൗകര്യംപോലെ അടുപ്പിൽനിന്നും എടുക്കും.

ത:—മതി. എന്നാൽ സന്ധ്യ കഴിഞ്ഞു് അവിടെ

ക്കാണ്ണം. അപ്പോൾ ഞാനും അമ്മയും തയ്യാറായി നില്ക്കുന്നുണ്ടായിരിക്കും.

തമ്പിയും പൂവാലനും തമ്മിൽ ആലിംഗനംചെയ്തു ചുംബിച്ചു. ആലിംഗനവും ചുംബനവും ഒന്നും തമ്പിക്കിഷ്ടമില്ല. പൂവാലൻെറ പരിശ്രമത്തിൽ അങ്ങനെ സംഭവിച്ചുവെന്നേയുള്ളു. തമ്പി മുഖം തുടച്ചുംകൊണ്ടു പോയി. കുറുക്കൻ പതുക്കെ പറഞ്ഞു. എടാ, ചക്കകുററി—കരിങ്കല്ലാ, കണ്ടപ്പിള്ള ചത്താലും നാട്ടു മുടിക്കാൻ നീ മതിയെടാ. എൻെറ വാരിയെല്ലു ഞെരിഞ്ഞുപോയി. ഇനിയൊരിക്കലും നീയെന്നെ തൊടരുത്. പൂവാലൻ പൊത്തിൽ കയറി.

അന്തി മയങ്ങി; ചീവീടുകൾ കരഞ്ഞു; ഗൃഹദീപങ്ങൾ തെളിഞ്ഞു. കണ്ടപ്പിള്ളയുടെ ഇപ്പോഴത്തെ വീട്ടിലെ മാന്യനും അദ്ദേഹത്തിൻെറ ഭാൎയ്യയും പ്രാൎത്ഥന തുടങ്ങി. ഈ സമയം പടിഞ്ഞാറു വശം പറമ്പിൽ കുററിച്ചെടികളിൽ മറഞ്ഞു് ഒരു സംഘക്കാർ സ്ഥിതി ചെയ്യുന്നു.

ആ സംഘത്തിൽ ഒരു സ്ത്രീയും അവരുടെ മകനും മററൊരു പുരുഷനും ഉൾപ്പെട്ടിരുന്നു. പുരുഷൻ പറഞ്ഞു:—ചക്കിയമ്മേ, ഇതു നല്ല സമയമാണ്. മാന്യനും മററും പ്രാൎത്ഥനയിൽ മയങ്ങിയിരിക്കയാണ്.

ചക്കി:—ഈ സമയം എല്ലാവൎക്കും ദൈവസ്മരണയ്ക്കുള്ളതുതന്നെ. നമുക്കും അങ്ങനെ ചെയ്യാം.

പൂ:—തമ്പിക്കുഞ്ഞു് ഒന്നും പറയുന്നില്ലല്ലൊ.

ച:—അവൻ ധ്യാനത്തിൽ മുഴുകിക്കഴിഞ്ഞു; നമുക്കും ധ്യാനിക്കാം.

ചക്കിയും തമ്പിയും ധ്യാനത്തിൽ പ്രവേശിച്ചതു കണ്ടു് പൂവാലനും ധ്യാനിക്കാൻ തുടങ്ങി. അദ്ദേഹത്തിന്റെ ധ്യാനം ഇങ്ങനെയായിരുന്നു:—"ഇക്കൂട്ടർ മനുഷ്യജന്തുക്കളോടു് ഇടപെട്ടു് നല്ല സൌകയ്യങ്ങളെ ദൈവത്തിന്റെ നാമത്തിൽ മാററിവെയ്ക്കുന്നു; ഇവരുടെ കൂട്ടു ചേൎന്നതുതന്നെ പിശകു്" പതുക്കെ കണ്ണുതുറന്നു കൂട്ടുകാരെ നോക്കി. പകുതിക്കണ്ണു തുറന്നു് പകുതി വായടച്ചു് അങ്ങനെ ഒരു നിലയിൽ ചക്കിയും മകനും ഇരിക്കുന്നതു കണ്ടു. വീണ്ടും ധ്യാനം തുടങ്ങി:—"ഇവിടെയെങ്ങും ആനുങ്ങളില്ലാതെ പോയല്ലോ; ഈ ചക്കിയുടേയും മകന്റേയും തല തല്ലിപ്പൊളിക്കാൻ." പിന്നെയും കണ്ണു തുറന്നു നോക്കി. അവർ ധ്യാനത്തിൽനിന്നു് ഉണൎന്നു തുടങ്ങി. പൂവാലൻ ധ്യാനത്തിലായി. ചക്കിയും മകനും പൂവാലനെ ഉപദ്രവിക്കാതെ നിശ്ശബ്ദമായി ഇരുന്നു. പൂവാലൻ കോട്ടുവായിട്ടുകൊണ്ടു് ഉണൎന്നു.

തമ്പി:—മാന്യന്റെയും പ്രാൎത്ഥന കഴിഞ്ഞു; നടക്കേണ്ടും കായ്യത്തിൽ പ്രവേശിക്കാം.

പൂ:—പറഞ്ഞതുപോലെ തമ്പി, കിഴക്കുവശത്തേയ്ക്കു ചെല്ലു.

തമ്പി കഴുത്തിൽ അയച്ചു കെട്ടിയ ചരടും വലിച്ചുകൊണ്ടു കിഴക്കുവശത്തേയ്ക്കു ചെന്നു. "ഇതാ—പൂച്ച ങ്കൊട്ടുഴിഞ്ഞു." എന്നു ഭായ്യ; "ഇങ്ങു പിടിച്ചോ" എന്നു ഭൎത്താ

വു്. ഭാര്യ ചാടിപ്പിടിച്ചു. "അയ്യേ—കിട്ടിയില്ല" ഭത്താവു് ചാടിപ്പിടിച്ചു. "എനിക്കും കിട്ടിയില്ല" ച്ച്ച്ച്—ച്ച്ച്ച്—രണ്ടുപേരുംകൂടി വിളിച്ചു തുടങ്ങി. പൂച്ച അകന്നുമില്ല; അടുത്തുമില്ല. പിണങ്ങിയുമില്ല; ഇണങ്ങിയുമില്ല ഈ വിധം വീട്ടുകാരും വിരുന്നുകാരും ക്രമേണ ഗൃഹത്തിൽ നിന്നകന്നു. പടിഞ്ഞാറുവശത്തു കണ്ടപ്പിള്ളയെക്കണ്ടു വന്ദിച്ചു പൂവാലനും ചക്കിയും ധിറുതിയിൽ പ്രവത്തനങ്ങളാരംഭിച്ചു. ചക്കി തുറന്ന ജനാലയിൽക്കൂടി അകത്തുകടന്നു. കിട്ടിയ കീറത്തുണിമാന്തിക്കീറി, കിടന്നുരുണ്ടും കൈകൊണ്ടു തെറുത്തും തിരിയുണ്ടാക്കി ഒരുതല കടിച്ചുപിടിച്ചു. പലകത്തട്ടിൽ ചാടിക്കയറി മണ്ണെണ്ണക്കുപ്പിയുടെ അടപ്പു കടിച്ചൂരി. അതിൻെറ ചുവയും നാററവും ചക്കിക്കു് അശേഷം പിടിച്ചില്ല. ഒന്നും വകവയ്ക്കാതെ അതിസൂക്ഷ്മമായി തിരി കുപ്പിയിലിറക്കി. നല്ലപോലമുങ്ങി. ചാടിയിറങ്ങി ജനാലയിൽ കയറി. വായും പൊളിച്ചു തിരിവാങ്ങാൻ കൂട്ടുകാരൻ കാത്തിരിപ്പുണ്ടായിരുന്നു. അങ്ങുകൊടുത്തു. കടിച്ചുവാങ്ങി. കുറച്ചു മണ്ണെണ്ണ അദ്ദേഹത്തിൻെറ അണ്ണാക്കിൽ പോയി. ഓക്കാനംവന്നു. ഇവിടെക്കിടന്നു ഛദ്ദിക്കല്ലേ—എന്നു കണ്ടപ്പിള്ള. വല്ലപച്ചിലയും കടിച്ചുചവച്ചിട്ടു് വായിൽ വെള്ളം കൊള്ളുവാൻ പൂവാലൻ ഓടി. കുറച്ചകന്നുനിന്നിരുന്ന ഇലത്തഴപ്പുള്ള ഒരു ചെടിയിൽ മിന്നലുവേഗത്തിൽ തലയമത്തി ആത്തിയോടുകൂടി കടിച്ചു. പൂവാലൻെറ മുഖവും ചെവിയും പൊള്ളിപ്പോയതായി തോന്നി. അതു് ഒരാനച്ചൊറിയണമായിരുന്നു. വിദ്വാൻ തലകുത്തിമറിഞ്ഞുമറിഞ്ഞു് ഒരു കുളത്തിൽ

വീണു. പച്ചവെള്ളം പുരണ്ടപ്പോൾ ചൊറിച്ചില് കലശലായി. കുളക്കടവിൽ കല്ലുകാണുമെന്നു കരുതി അത്തു കണ്ടുപിടിച്ചു. മുഖവും ചെവിയും ഉരച്ചുതുടങ്ങി. ഇതങ്ങനെ നടക്കട്ടെ.

പടിഞ്ഞാറുവശത്തു ചക്കിയമ്മ വിഷാദിച്ചു നില്ക്കുന്നതുകണ്ടു് കണ്ടപ്പിള്ള പറഞ്ഞു:—ചക്കി, അടുപ്പിൽ നിന്നു് ഒരു എരികൊള്ളി വലിച്ചുകൊണ്ടുവന്നു് ഈ ചരടിൽ വെയ്ക്കു. എന്നിട്ടു തലചരിച്ചുകിടന്നു ശക്തിയായി ശ്വാസംവിടു. ചരടുകരിഞ്ഞാൽ ഞാൻ രക്ഷപ്പെടാം. ചക്കി അതുപോലെചെയ്തു. ഒരുപ്രയോജനവും ഉണ്ടായില്ല. തീക്കൊള്ളി കടിച്ചുവലിച്ചു് ചരടിൽവെയ്ക്കുമ്പോഴേയ്ക്കും തീയുംകെട്ടും. ചക്കിയമ്മ മരണവായു വലിക്കുന്നതിനു് ഒരു ഫലവും ഇല്ല. അടുപ്പിലെ കൊള്ളിയും തീൎന്നു. ചക്കിയുടെ തന്റേടവും തീൎന്നു.

കിഴക്കെപറമ്പിൽ പൂച്ചയും മാന്ത്യനും തമ്മിൽ ചോടുവെച്ചു കളിക്കയാണു്. ഇടയ്ക്കു വീട്ടുകാരിയും ചാടിവീഴും. തമ്പി അഭ്യാസമുറയിൽ ചാടും; മാന്ത്യനും അതേമുറയിൽ ചാടും. മാന്ത്യയാകട്ടെ, തുള്ളിച്ചാടി ഇടയ്ക്കുവീഴും. മുറയില്ലാത്ത ആ പെരുമാററം തമ്പിക്കുപദ്രവമായിതീൎന്നു. എങ്കിലും രണ്ടുപേരേയും നോക്കി ഒഴിഞ്ഞുമാറും, പിന്നെ ചാടിയടുക്കും; ഇടഞ്ഞേറിലായാൽ പിമ്പുമറിയും; അപ്പോൾ ചരടൊഴിയും. മാന്ത്യൻ ചൊടിക്കും. തമ്പി അടുക്കും. മാന്ത്യയും അടുക്കും. മൂവരും അകലും.

ഇതു സാധാരണ പൂച്ചയല്ലെന്നു ഭൎത്താവു്; മിടുക്കൻ പൂച്ചയാണെന്നു ഭാൎയ്യ; അടുക്കണ്ടതെന്നു ഭൎത്താവു്;

അകന്നുകൊള്ള എന്നു ഭാൎയ്യ. ചരടുപോയി എന്നു ഭൎത്താവു്; ഓടിക്കൊള്ള എന്നു ഭാൎയ്യ. അയ്യോ—ചാട്ടം എന്നു ഭൎത്താവു്; അയ്യയ്യോ എന്നു ഭാൎയ്യ. എടുത്തുചാടി തമ്പിക്കുഞ്ഞു്. ഇരുന്നൊഴിഞ്ഞു മാന്യൻകേമൻ. ഓടിയൊഴിഞ്ഞൊവീട്ടിന്നകത്തെകോണിലൊളിച്ചു കേമത്തി. മാന്യനകന്നു. തമ്പിയടുത്തു. ഇടമ്പിരിചാടിക്കല്ലുമെടുത്താമാന്യനൊതുങ്ങി. തമ്പിക്കുഞ്ഞും ചാടിക്കേറി മുരിങ്ങക്കൊമ്പിൽ കല്ലുകളഞ്ഞു; മുണ്ടുനിവൎത്തി; മുന്നിൽകാട്ടി. മുതുകിന്നു ചാടീ തമ്പിക്കുഞ്ഞു്. വലത്തുമാറി തവളച്ചാട്ടം ചാടിയകന്നു ബഹുമാന്യൻ. അവിടുന്നോരവു; അമ്പെട കേമ, നേരിട്ടോട, നോക്കിക്കോട, എന്നുപറഞ്ഞു; കല്ലുമെടുത്തു; കാലിലുറച്ചു. ഒന്നുകരഞ്ഞു രണ്ടുകരഞ്ഞു തമ്പിക്കുഞ്ഞു്. കൊല്ലും നിലവിളി; വയ്യേവയ്യ; കല്ലുകളഞ്ഞു; തമ്മിലകന്നു; മാന്യനൊളിച്ചു.

പടിഞ്ഞാറുവശത്തു ഓടിയെത്തിയതമ്പി കരഞ്ഞുകൊണ്ടിരുന്ന അമ്മയോടു വിളിച്ചുപറഞ്ഞു:——കരയാനുള്ള സമയം വരുന്നേയുള്ളു; അന്നു ഞാനും കരയും. താമ്പിട്ടകെട്ടുകൾ കടിച്ചുനിറുത്തു; ഞാൻ കടിച്ചു് അയവിലാക്കാം. അമ്മ അങ്ങിനെ ചെയ്തു. മകനും വേണ്ടതുചെയ്തു. കണ്ടപ്പിള്ള രക്ഷപ്പെട്ടു. മൂന്നുപേരും പോയി തോണ്ടപ്പിള്ളിലേയ്ക്കു്. പോകുന്നവഴിക്കു തമ്പിപറഞ്ഞു:——ചെറിയകാൎയ്യത്തിന്നു വലിയപാടു്. അങ്ങനെയല്ല ചെറിയകാൎയ്യത്തിന്നു വലിയ ആലോചന എന്നു കണ്ടപ്പിള്ളയും. മൂവരും മൂകി നടന്നു.

നമ്മുടെ മാന്യൻ ഒതുങ്ങിയകല്ലും കയ്യിലെടുത്തു് പടിഞ്ഞാറുവശത്തുചെന്നു. അവിടമെല്ലാം ശാന്തമായിക്കണ്ടു. ആ ഇരുട്ടത്തു കുത്തിയിരുന്നു. ഭാര്യ ശകാരം തുടങ്ങി. എങ്ങാനുംകിടന്ന കണ്ടന്മൂച്ചയെ വലിച്ചുകൊണ്ടുവന്നു; ആ പിശാചു് ഇവിടെ വല്ലേടത്തും പതുങ്ങിയിരപ്പുണ്ടാകും; ഉരുട്ടത്തിരുന്നോളു; മൂഞ്ഞികാണുല്ല; നോക്കു! തീയും കെട്ടു. മാന്യനൊന്നും മിണ്ടിയില്ല. അവിടെത്തന്നെ അങ്ങിരുന്നുപോയി.

പൂവാലനാകട്ടെ മുഖവും പ്രത്യേകിച്ചു ചെവിയും തേച്ചുരച്ചു് പലതരം വേദനയോടുകൂടി കരയിൽ കയറി. പൂച്ചയുടെ കരയലും ചില "കശപിശയും" വിടപാൻ കേൾക്കുകയുണ്ടായി. ഒന്നിനെയെങ്കിലും തല്ലിക്കൊന്നു വലിച്ചെറിഞ്ഞിരിക്കുമെന്നു നിശ്ചയിച്ചു. ഗൃഹനായകൻ സമർത്ഥനാണെന്നും അദ്ദേഹത്തിനു ശ്രേയസ്സുണ്ടാകുമെന്നും പൂവാലൻ മനസ്സാലെ പറഞ്ഞു. പയ്യെനടന്നു വീടിൻെറ പടിഞ്ഞാറെ മുററത്തിനടുത്തു. കൊടുത്തു ഒരേറു്. ചെവിക്കുററിക്കുതന്നെകൊണ്ടു. മൂന്നുമറിഞ്ഞു. മുരങ്ങുക് പോലും ചെയ്തില്ല. കൈകാൽ നിവത്തി. ചത്തു, അല്ലെങ്കിൽ ചാവുന്നു.

ഛേ, ഒരു തെണ്ടിപ്പട്ടി ചത്തു; എന്നുപറഞ്ഞു മാന്യൻ വിളക്കുമായി അടുത്തുചെന്നു. ആ പൂച്ചയെ ഇങ്ങനെ കൊല്ലേണ്ടതായിരുന്നു; എന്നുപറഞ്ഞു ഭാര്യയും അടുത്തു.

ഭത്താവു്:—അല്ലാ—ഇതൊരുകുറുക്കനാണു്.

ഭാര്യ:—കുറുക്കനാണൊ? മോന്തയ്ക്കു നീളം കൂടവാണു്; വാലിൽ രോമക്കുളടുതലുമുണ്ടു്. ഇങ്ങനെ ഒരു പട്ടി

No. 5238



യെ ഇവിടങ്ങളിൽ ഞാൻ കണ്ടിട്ടുമില്ല. ഇതു കുറുക്കനാണു്.

ഭർത്താ:—ഇവിടെക്കിടക്കട്ടെ, കാലത്തു കുഴിച്ചിടാം.

ഭാര്യ:—വേണ്ട, വേണ്ട; കള്ളക്കുറുക്കനെഴുന്നേററുപോകും; തലയ്ക്കു് ഒന്നുകൂടി കൊടുക്കൂ. ഇപ്പോൾതന്നെ ഈ പ്ലാവിൻെറ ചുവട്ടിൽ കുഴിച്ചിടണം.

ഭർത്താ:— കാലത്തു മതി.

ഭാര്യ:— എല്ലുവളം പ്ലാവിന്നു് ഒന്നാന്തരമാണു്. എത്രകൊല്ലമായി ഈ പ്ലാവു വേണ്ടപോലെ കാച്ചിട്ടു്. ഞാൻ തൂമ്പയെടുത്തുകൊണ്ടുവരാം.

ഗൃഹനായികയുടെ വർത്തമാനം കേൾക്കാൻ മാത്രം അകവെളിവു പൂവാലനുണ്ടായിരുന്നു. കേട്ടതോടുകൂടി അതും അസ്തമിച്ചു. എല്ലാം പുലർന്നിട്ടാകട്ടെ എന്നുപറഞ്ഞു വീട്ടുകാരു രണ്ടുപേരും വിരമിച്ചു.

നേരം അർദ്ധരാത്രി കഴിഞ്ഞു. പാവത്തിനു ബോധമുണ്ടായി. വലിഞ്ഞിഴഞ്ഞും നിവൎന്നുനിന്നും പിന്നീടുനടന്നും ഇടയ്ക്കു കിടന്നും അവിടുന്നും നടന്നും വെള്ളം കുടിച്ചും ദീൎഘശ്വാസം വിട്ടും ഒരുവിധം പൂവാലൻ സ്വന്തം ഗൃഹയിലെത്തി.

## അദ്ധ്യായം നാലു്.

നേരം നല്ലപോലെ വെളുത്തു. തമ്പികളഞ്ഞു പൂവാലന്റെ ഗുഹയിലിരിപ്പുണ്ടു്. ഗുഹാനാഥൻ കിടപ്പിലാണു്. എന്നുതന്നെയല്ല തമ്പികളഞ്ഞിനെ കണ്ണുതുറന്നു നോക്കീട്ടുമില്ല. കൂടെക്കൂടെ അങ്ങുമിങ്ങും ചരിഞ്ഞു കിടക്കുന്നുമുണ്ടു്.

തമ്പി:— കണ്ണൊന്നു തുറക്കു.

പൂ:— നിവൃത്തിയില്ല.

ത:— ആഹാരം വല്ലതും........?

പൂ:— കഴിക്കാമെന്നുണ്ടു്.

ത:— ഇവിടെ വല്ലതും ഇരിപ്പുണ്ടോ?

പൂ:— (അരിശംകൊണ്ടു കണ്ണുതുറന്നു.)

ത:— കണ്ണിനൊന്നും പററിയിട്ടില്ല; ഭാഗ്യംതന്നെ.

പൂ:— (കണ്ണടച്ചു.)

ത:— എന്താ—ഒന്നും പറയാത്തതു്; ഇവിടെ വല്ലതും ഇരിപ്പുണ്ടോ?

പൂ:— ഉണ്ടെങ്കിൽ കാണരുതെ?

ത:— ഇവിടെയൊന്നും കാണുന്നില്ല.

പൂ:— ഉമിനീരുപോലും ഇറക്കിയിട്ടു ദിവസം നാലു കഴിഞ്ഞു.

ത:— അതു കഷ്ടമായിപ്പോയി!

പൂ:— കഷ്ടവും കിഷ്ടവും ഒന്നും പറയേണ്ട; വല്ലതും കൊണ്ടുവന്നുതന്നാൽ ഉപകാരം.

വന്നു

തമ്പികുഞ്ഞു ചെറുജന്തുക്കളുടെ താവളംവഴി അന്വേഷിച്ച് എന്തെല്ലാമൊ കൊണ്ടുചെന്നു കൊടുത്തു. ആർത്തിയോടുകൂടി എഴുന്നേററിരുന്ന് അദ്ദേഹം അതെല്ലാം കഴിച്ചു. വളരെ ആശ്വാസം തോന്നി. തമ്പിയെ പ്രശംസിച്ചു. കേമനായ തന്തയ്ക്ക് അതിലും കേമനായ മകൻ, എന്നു രണ്ടുമൂന്നു തവണ പറഞ്ഞു.

തമ്പി:— ഞാൻ വന്നത് അങ്ങയെ ശുശ്രൂഷിക്കാൻതന്നെയല്ല; അങ്ങയ്ക്ക് ഈ ആപത്തു പററിയതും ഞാൻ അറിഞ്ഞിരുന്നില്ല.

പൂവാ:— വന്നതിന്നു വിശേഷിച്ചു കാരണമുണ്ടെങ്കിൽ എന്താണാവൊ?

തമ്പി:—രണ്ടുകാര്യം അങ്ങയോടു പറയാനുണ്ട്. അതിലൊന്നു താങ്കൾ എന്നെ സഹായിച്ചതിന്നു പ്രത്യുപകാരം ചെയ്യുക എന്നുള്ളതാണ്. എന്തുപകാരമാണു ചെയ്യേണ്ടത്.

പൂ:—രണ്ടാമത്തെ കാര്യം കേൾക്കട്ടെ.

ത:—ആദ്യകാര്യം നടത്തിയതിന്നുശേഷം മാത്രം അതു പറയും.

പൂ:—വല്ലവിഷമവും വരുത്തിവെയ്ക്കാനാണൊ പുറപ്പാട്; അച്ഛൻ വല്ലതും പറഞ്ഞോ?

ത:—അച്ഛനെന്തുപറയാനാണ്; ഞാനെന്തു വിഷമമാണ് വരുത്തിവയ്ക്കാനുള്ളത്? താങ്കളോട് എനിക്കു രണ്ടു കടപ്പാടുണ്ട്; അതിലൊന്നു ആദ്യം നടക്കട്ടെ; പിന്നീടു മറേറതും.

പൂവാലൻ ചിരിച്ചു; തമ്പിയുടെ പുറത്തു് ഇഷ്ട കൊട്ടു കൊട്ടി, ചേന്നിരുന്നു. അതിഥിയുടെ കൈകാലു കഠം നക്കി. തമ്പി കേട്ടിട്ടുണ്ടോ?

"പ്രത്യുപകാരം മറക്കുന്നപൂരുഷൻ
ചത്തതിനൊക്കുമെ ജീവിച്ചിരിക്കിലും"

ഇങ്ങനെയുള്ള ലോകോപദേശങ്ങളെ ആദരിക്കുന്ന വരായി ഇന്നു് എത്രപേരുണ്ടു്. ഇതാ—ഇങ്ങനെ ഒന്നോ രണ്ടോ പേരുണ്ടാകും. എൻെറ തമ്പി, ഒരു പഴഞ്ചൊല്ലു കൂടി കേഠക്കു:—

അരിവാളിരുവാളാലവിശേഷം
വാളാത്തുളികളാറുവിശേഷം
നെല്ലരിപുല്ലരി ദേശവിശേഷം
മനുഷ്യൻ വംശവിശേഷം.

അത്ഥവും പറഞ്ഞുതരാം. ചാടാനും മറിയാനും ത ന്നെ പഠിച്ചാൽ പോര; ഇങ്ങനെ ചലിതുംകൂടി പഠിക്ക ണം. കണ്ടപ്പിള്ളയ്ക്കു ഞാൻ എന്തെല്ലാം പറഞ്ഞുകൊടു ത്തിട്ടുണ്ടെന്നോ—എന്തു ചെയ്യാം. ആളൊരു ശുദ്ധനായി പ്പോയി. ഈ, എന്നെയുംകൂടി അദ്ദേഹം തെററിദ്ധരിച്ചിട്ടു ണ്ടു്. പക്ഷെ ഒരു വലിയ ഗുണം അദ്ദേഹത്തിനുണ്ടു്. കു റച്ചധികംദിവസം കഴിഞ്ഞാൽ തെററിദ്ധാരണയെല്ലാം മാറും. അദ്ദേഹത്തിൻെറ സ്ഥാനത്തു വല്ല ചെറുപ്പക്കാരു മായിരുന്നെങ്കിൽ പതിനഞ്ചു തവണ എന്നെ കൊന്നേ നെ. എൻെറ തമ്പി, ആളുപരമശുദ്ധനാണേ—പര മശുദ്ധൻ.

തമ്പി:—ഇതെല്ലാമാണൊ പഴഞ്ചൊല്ലിൻെറ അ ത്ഥം?

പൂവാ:—അതു പറയാം. ദൈവംശുദ്ധഗതിക്കാരെ സഹായിക്കും. കണ്ടപ്പിള്ള രക്ഷപ്പെട്ടില്ലെ; ഞാൻ രക്ഷപ്പെട്ടില്ലെ. ആ കൃഷിശാസ്ത്രക്കാരത്തി എന്നെ പ്ലാവിൻെറ ചുവട്ടിൽ കുഴിച്ചിടാൻ പോയതല്ലെ. തടിയുടെ ഉള്ളിൽക്കൂടി കൊമ്പത്തുചെന്നു് ചക്കയുരുട്ടിഞാൻ അവരുടെ കൊട്ടക്കുംപോലും. ദൈവം അതിനു സമ്മതിച്ചൊ? എൻെറ തമ്പിക്കുഞ്ഞെ, നേരെ ചൊവ്വെ ജീവിക്കണം.

തമ്പി:—പഴഞ്ചൊല്ലിൻെറ കാര്യം?

പൂ:—പറയാം. അരിവാളു്, ഇരുവാളെന്നു് പറയുന്നതു് രണ്ടുവശവും മൂച്ചയുള്ളവാളു്. ഇതെല്ലാം നല്ല ഉരുക്കുകൊണ്ടു് ഉണ്ടാക്കിയതാണെന്നും മററും പറഞ്ഞാൽ പ്രയോജനമില്ല. ഏതു കൊല്ലൻെറ ആലയിൽ തീൎത്തു വൊ ആ ഗുണം അവയ്ക്കെല്ലാം കാണും. നല്ല ഇരുമ്പാണു്; നല്ല ഉരുക്കാണു്; ഇതൊന്നും പറഞ്ഞിട്ടു ഫലമില്ല. വാളാത്തുളികൾ; വാള, തുളി, മുതലായ മത്സ്യങ്ങൾ ഏതു് ആററിൽ കിടന്നുവോ ആ വെള്ളത്തിൻെറ ഗുണമാണു് ആ മത്സ്യങ്ങൾക്കുള്ളതു്. അല്ലാതെ—ഇതു വാളയാണു്, ഇതു കരിമീനാണു്, എന്നു പറഞ്ഞതുകൊണ്ടൊന്നും വിശേഷമില്ല. നെല്ലരി, പുല്ലരി, ഈ വക അരികൾക്കു് ഏതു ദേശത്തു് ഏതു നിലത്തിൽ വിളഞ്ഞുവൊ ആ ഗുണം കാണും. ഇതു് ഇട്ടിക്കണ്ടപ്പൻെറ അരിയാണു്, ചമ്പാവിൻെറ അരിയാണു്, അതുകൊണ്ടൊന്നും പ്രയോജനമില്ല. മനുഷ്യൻ വംശവിശേഷം. എല്ലാവരും മനുഷ്യരാണു്. എൻെറ തമ്പി, അവൻ ഏതു വംശത്തിൽ ജനി

ച്ചു; ആ ചൈതന്യം അവൻ കാണിക്കും. നിങ്ങൾ തോ ണ്ടപ്പിള്ളിൽ കുഡുംബത്തിലല്ലേ ജീവിക്കുന്നതു്? ആ വീ ട്ടുകാരു് നല്ല വംശക്കാരാണു്. അവരോടൊരുമിച്ചു കഴി ഞ്ഞുകൂടുന്ന നിങ്ങൾ നന്ദികേടൊ, ആലോചനക്കുറവൊ, വല്ലതും പ്രവൃത്തിക്കുമൊ? ഒരിക്കലുമില്ല.

തമ്പി:—പൂവാലരു പറഞ്ഞതുപോലെ നന്ദികേടും ആലോചനക്കുറവും ഞങ്ങളിൽനിന്നു വരുകയില്ല. താ ങ്കൾക്കു ചെയ്യേണ്ട പ്രത്യുപകാരമെന്താണെന്നു ഇതുവരെ റഞ്ഞില്ല.

പൂ:—ഇവിടെ അടുത്തുള്ള ദേവാലയത്തിൻെറ മുൻ വശത്തു് ഒരു കൂററൻ ആലു നിൽക്കുന്നതു തമ്പിയും ക ണ്ടിട്ടുണ്ടല്ലൊ. അതിൻെറ മുകളിൽ തമ്പിക്കു കയറാൻ വിഷമമില്ല. ധാരാളം വള്ളി ചുററി കീഴോട്ടു കിടപ്പുണ്ടു്.

തമ്പി:—ഞാൻ അതിൻെറ മുകളിൽ കയറീട്ടു എ ന്തു ചെയ്യണം?

പൂ:—“മൂപ്പരു്” എന്നു പേരുള്ള ഒരു വലിയ മൂങ്ങ അതിന്മേൽ താമസിക്കുന്നുണ്ടു്; അദ്ദേഹത്തിനു രണ്ടു കു ഞ്ഞുങ്ങളുമുണ്ടു്.

തമ്പി:—ആ കുഞ്ഞുങ്ങളെ തട്ടി ഞാൻ താഴത്തിട്ടു തരണോ?

പൂ:—വേണം—തൂവലുമുളച്ചു തുടങ്ങിയിട്ടേയുള്ളൂ.

തമ്പി:—വലിയ കഷ്ടപ്പാടു ചെയ്യാതെ വേറെ പ ക്ഷിക്കുഞ്ഞുങ്ങളെ തന്നാൽ പോരെ?

പൂ:—അതു ഞാൻ പ്രത്യുപകാരമായി കരുതുകയില്ല; ഈ മൂങ്ങക്കുഞ്ഞുങ്ങൾ രണ്ടു് ഇറച്ചിക്കുഞ്ഞുങ്ങളാണു്. അ

വയെ തിന്നാൽ എന്റെ കേടുകളും തീരും, ആരോഗ്യ വും ഉണ്ടാകും.

തമ്പി:—മററു വല്ല മൂങ്ങയുടേയും കുഞ്ഞുങ്ങളെ കൊണ്ടുവന്നു തരാം. അതുകൊണ്ടു മതിയാക്കരുതെ?

മൂ:—അതും പ്രത്യുപകാരമാവുകയില്ല; മൂപ്പരുടെ കുഞ്ഞുങ്ങളെത്തന്നെ വേണം.

തമ്പി:—അദ്ദേഹത്തോടു വിരോധമുണ്ടോ?

മൂ:—ഉണ്ട്; ശ്രദ്ധിച്ചു കേൾക്കു.

ഈ കുന്നിന്റെ പടിഞ്ഞാറു ചരുവിൽ ഒരു തോക്കുകാരൻ താമസിക്കുന്നുണ്ട്. അയാൾക്ക് "കപ്പിത്താൻ" എന്ന പേരിൽ ഒരു പൂവൻ കോഴിയുണ്ടായിരുന്നു. അവന്റെ അഴകൊഴുകുന്ന അങ്കവാലും, മഴവില്ലും കൂടി നോക്കിയാൽ മഴവില്ലു മഹാമോശമാണെന്ന് ആരും പറയും. ഇറച്ചി തടിച്ചുകൂടി കൊഴുത്തുരുണ്ട അവന്റെ തുടകൾ നല്ല ഗൃസ്തിക്കാരന്റെ തുടകൾക്കു തുല്യം നില്ക്കും. കവാത്തുമുറയിലാണ് അവന്റെ നടപ്പ്. താങ്കൾപോലും അവനോടു നേരിട്ടാൽ അവൻ അടിച്ചുമറിക്കും. ഇങ്ങിനെ ഒരുത്തനെ ഞാൻ വേറെ കണ്ടിട്ടുമില്ല, കേട്ടിട്ടുമില്ല. ചുരുക്കിപ്പറയാം. കപ്പിത്താനെ ഞാൻ അകപ്പെടുത്തി. കണ്ടപ്പിള്ളയുടെ സഹായംപോലും എനിക്കതിലുണ്ടായില്ല. ഒരു കാട്ടിൽ കൊണ്ടുചെന്ന് അതിനെ മുഴുവൻ തിന്നു. എന്റെ അന്നത്തെ ഗൃഹത്തിൽ വെളുപ്പിനു ചെന്നുചേരുകയും ചെയ്തു. നമ്മുടെ പ്രവൃത്തികൾ സൂക്ഷിച്ചുകൊണ്ടിരുന്ന മൂപ്പരു് കോഴിത്തൂവൽ കൊത്തിയെടുക്കുന്നുണ്ടായിരുന്നു. അതു് അദ്ദേഹത്തിന്റെ വീട്ടിൽ കിടക്ക വിരിക്കാ

നായിരിക്കാമെന്നു ഞാനും കരുതി. വാസ്തവം അതിനല്ലായിരുന്നു. ആ മാന്യൻ തൂവലുകൾ പെറുക്കി കാടിന്നുവെളിയിൽ ആദ്യം വിതറി. പിന്നീട് ഒരോന്നോരോന്നായി എൻെറ ഗൃഹവാതലിനടുത്തുവരെ എത്തിച്ചു. വെളുപ്പിനു വെളിയിലേയ്ക്കു ഞാൻ തലയിട്ടപ്പോഴാണു് മൂപ്പരുടെ പണി എനിക്കു മനസ്സിലായതു്. കപ്പിത്താൻെറ സൌന്ദര്യലക്ഷണങ്ങൾ വെടിക്കാരനു വഴികാണിച്ചുകൊണ്ടു് എൻെറ വാതിക്കൽ കാത്തുനിൽക്കുന്നു. ഞാൻ ദൂരത്തേയ്ക്കു നോക്കി. വെടിക്കാരൻ നിറച്ചതോക്കുമായിവരുന്നു. അപ്പോൾതന്നെ ആ വീട്ടിൽനിന്നു ഞാനിറങ്ങി. ഇതുവരെ തിരിച്ചുപോയിട്ടില്ല. മൂപ്പർക്കു് ഇതിനു വല്ല ആവശ്യവും ഉണ്ടായിരുന്നോ? തമ്പി പറയൂ.

തമ്പി:— അങ്ങനെതന്നെ. സന്ധ്യകഴിഞ്ഞു് ആൽച്ചുവട്ടിൽ കാണണം. ഞാൻ താഴത്താക്കാം.

ഇത്രയും പറഞ്ഞു തമ്പിക്കുഞ്ഞു തോണ്ടപ്പിള്ളിലേയ്ക്കു പോയി. പൂവാലൻ വിശ്രമിച്ചു. കുറച്ചുകഴിഞ്ഞു. ഗുഹാമുഖത്തു ചൂടു കുറിനം. ചുററുപാടുകൾ മിക്കവാറും നിശ്ശബ്ദങ്ങൾ. അങ്ങിങ്ങായിതണലിലുള്ള കുയിലുകൾ കൂവുന്നു. പൂവാലൻ വിയത്തൊലിച്ചു തിരിഞ്ഞും മറിഞ്ഞും കിടക്കുന്നു. അങ്ങനെ കിടന്നു് അദ്ദേഹം ഉറങ്ങിപ്പോയി. സന്ധ്യയായി.

പൂവാലനിളകി. പുറത്തുവന്നു. ചുററും നോക്കി. പതുങ്ങിയിറങ്ങി. കുന്നു കഴിഞ്ഞു. വയലിനടുത്തു. അരികേ വെച്ചു. വലിഞ്ഞുകയറി. വാഴത്തോപ്പു്. അവിടെയൊതുങ്ങി. ശൂണ്ണിക്കാരൻ ചങ്കുച്ചാര്, പട്ടിയെവിളിച്ചു. ച

ട്ടന്നോടി തോപ്പുകടന്നു. ഊററംകൊണ്ടു് മട്ടിലിറങ്ങി തോട്ടിലിരുന്നു. കുറച്ചു ദൂരെ തോട്ടിൽതന്നെ ചങ്കുച്ചാരെ പ്പാററിക്കാൻ കുത്തിയിരുപ്പുണ്ടൊരുകള്ളൻ. കുറുനരികള്ളൻ ചാടിക്കേററി. മറേറക്കള്ളൻ ഓടിപ്പോയി. തുറന്നു പറന്നു്; അവിടംകൊണ്ടു കുഴങ്ങി. അങ്ങുപതുങ്ങി ഇങ്ങുപതുങ്ങി എന്തോകണ്ടു. പിൻപോട്ടോടി. വഴിവിട്ടോടി. മാറിക്കൊണ്ടു് മുൻപോട്ടോടി. അമ്പലമായി. പൊളിഞ്ഞമതിലു്. ഒളിഞ്ഞിരുന്നു. ദൂരെക്കണ്ടു ആലിൻചോടു്. അവിടെച്ചെന്നു. തമ്പിയുമുണ്ടു്. തമ്പിക്കുഞ്ഞും ഊഞ്ഞാലാടി മുകളിൽ പററി. മൂപ്പരുപാപ്പരുതെണ്ടാൻ പോയി. കൂടിനടുത്തു. ഇറച്ചിക്കുന്നു് രണ്ടുംകൂടി “കരികിരി കിരികിതി” വായും കാട്ടി. കയ്യുകടന്നു. രണ്ടുംവീണു. കുറുനരി കണ്ടു. രണ്ടും കണ്ടു. കാലംകണ്ടു. പുഞ്ചിരികൊണ്ടു. വായിൽക്കൊണ്ടു. മണ്ടിക്കൊണ്ടു. തമ്പിക്കുഞ്ഞും ആടിയിറങ്ങി. അവിടം വിട്ടു. മൂപ്പരുവന്നു. പാവം പാവം. രോദനമായി, ദയനീയം.

പൂവാലൻ അത്താഴവും കഴിച്ചു കിടക്കാനാരംഭിച്ചു. തമ്പിക്കുഞ്ഞുകയറിച്ചെന്നു.

പൂ:— തോണ്ടപ്പിള്ളിൽനിന്നാണോ?

ത:— അതേ.

പൂ:— വിശേഷം—?

ത:— രണ്ടു കടമയിൽ ഒന്നുതീന്നു; മററൊന്നുണ്ടു്.

പൂ:— അതിൻെറയും സമ്പ്രദായം ഇതുപോലെയൊക്കെ, അല്ലേ?

ത:—എന്നുപറയാമോ? അങ്ങനെയല്ല.

പൂ:— കേൾക്കട്ടെ.

ത:— താങ്കളും ശ്രദ്ധിച്ചുകേൾക്കു. അച്ഛനും താങ്കളും കൂടി പണ്ടൊരിക്കൽ ഒരു ഗുസ്തിനടന്നു. അച്ഛൻ തോററു. കരാറനുസരിച്ച് അന്നു മുതൽ അദ്ദേഹം താങ്കളുടെ കീഴിൽ ഇരതേടാൻതുടങ്ങി. ഇപ്പോൾ അച്ഛനെ കരാറിൽനിന്നു വിടുർത്തേണ്ടിയിരിക്കുന്നു. നമുക്കുതമ്മിൽ ഒരു ഗുസ്തി നടത്തണം. അതിലും താങ്കൾ ജയിച്ചാൽ ഞങ്ങൾ രണ്ടുപേരും കീഴ്പെടാം. ജയിക്കുന്നതു ഞാനാണെങ്കിൽ താങ്കൾ എൻെറ ആജ്ഞ അനുസരിക്കണം. ഇങ്ങനെ താങ്കളുമായി ഒരു ഗുസ്തി നടത്തുകയാണു് എനിക്കു താങ്കളോടുള്ള രണ്ടാമത്തെ കടമ.

പൂ:— കരാറിൽനിന്നു് അച്ഛനെ വിടുർത്തിയേക്കാം. ഗുസ്തി കൂടാതെ കഴിക്കാമൊ.

ത:— അങ്ങനെ ഒരു ദയവു് ആവശ്യമില്ല. ഗുസ്തി നടക്കണം.

പൂ:— എവിടെയെങ്കിലും ഒരു പൂച്ച കുറുക്കനെ ജയിച്ചു കേട്ടിട്ടുണ്ടോ?

ത:— ഒരു പൂച്ച പോരിനുവിളിച്ചിട്ടു് എവിടെയെങ്കിലും ഒരു കുറുക്കൻ ഒഴിഞ്ഞുമാറാൻ ശ്രമിച്ചതായി കേട്ടിട്ടുണ്ടോ?

പൂ:— തമ്പീ—നീ ചെറുതു്.

ത:— പൂവാലരേ—താങ്കൾ വലുതു്.

പൂ:— വേണ്ടപോലെ ആലോചിച്ചിട്ടാണോ—ഈ പുറപ്പാടു്.

ത:— വേണ്ടപോലെ ആലോചിച്ചിട്ടുതന്നെയല്ലേ? ഒഴിഞ്ഞുമാററം?

പൂ:— കുറുക്കനും പൂച്ചയും തമ്മിൽ ഗ്രസ്തി. അനാവശ്യം.

ത:— നാം തമ്മിൽ ഗ്രസ്തി. അത്യാവശ്യം.

പൂ:— തമ്പീ, കുളക്കരയിൽ ഒരു കാള മേഞ്ഞുകൊണ്ടിരുന്നു. കുളത്തിലെ വലിയ തവള അതിനെക്കണ്ടു. ഈ കാളയോളം തന്നെ ഞാനുമില്ലേ, എന്നു മററു തവളകളോടു ചോദിച്ചു. അവർ ഇല്ലെന്നു പറഞ്ഞു. മൂപ്പില് വയറുവീപ്പിച്ചു; ഇപ്പൊഴൊ? ആയില്ല. മ്ം—ഇപ്പൊഴൊ? ആയില്ല. മ്ം—മ്ം—, വയറു പൊട്ടിപ്പോയി. ഈ കഥ കേട്ടിട്ടുണ്ടോ?

ത:—വാനരേശ്വരനായ ഭഗവാൻ സ്വാമി ശ്രീ ജാംബവാൻെറ കാലംമുതൽ പറഞ്ഞുപോരാറുള്ള ഒരു കഥയാണിതു്. ഞാൻ എൻെറ കണ്ണുകൊണ്ടു കണ്ടതായ ഒരു സംഭവം കേൾക്കു. മുമ്പലു വെച്ചിരിക്കുന്ന പറമ്പിൽ ഒരു വക കുഞ്ഞിത്തവള ചാടി നടക്കുന്നതു കണ്ടിരിക്കുമല്ലോ. അവ എത്ര വളൎന്നാലും ചെറുതായിരിക്കും. മുമ്പലുകളിൽ ആഴത്തിൽ ദ്വാരമുണ്ടാക്കി ഇവ വസിക്കുന്നു. ചെറുജന്തുക്കളുടെയെല്ലാം ഗൃഹവാതലുകൾ അവയ്ക്കു മാത്രം കടക്കുവാൻ കൃത്യമായി പണിതിരിക്കും. ഒരു കുഞ്ഞിത്തവള മുമ്പലിനിടയിൽ ചാടിക്കളിച്ചു. അതു കണ്ടിട്ടു് ഒരു ചേര തല പൊക്കിനോക്കി. വീണ്ടും ചാടിക്കളിച്ചു് ചേരയ്ക്കു് അരിശംകൊണ്ടു. കുഞ്ഞിത്തവള കൂട്ടാക്കിയില്ല; പൊങ്ങിച്ചാടി. തീവണ്ടിയിലും വേഗത്തിൽ ചേര പാ

ഞ്ഞെത്തി. തവള കോരത്തിൽ കയറി. ചേര തല കട്ത്തി. ദ്വാരം കണിശത്തിനിരുന്നു. തല കടന്നു. തവള വായിലായി. ഒന്നു വിത്തു; അത്രേയുള്ളു. കക്ഷിക്കു തല വലിക്കാൻ പാടില്ല. ആ തടിയൻ പ്രാണവേദനകൊണ്ടു് ഉടലെടുത്തു് അടിതുടങ്ങി. അര മണിക്കൂറിനുമുമ്പു് അദ്ദേഹം ഇഹലോകം വെടിഞ്ഞു. കുഞ്ഞിത്തവള ചേരയെ കൊന്നു. പൂവാലനെന്തു പറയുന്നു?

പൂ:—തവളയും ചത്തല്ലോ?

തമ്പി:—എന്തു തവള ചാകുന്നു?

പൂ:—ചേരയും ചാവുന്നില്ലേ?

തമ്പി:—ഉണ്ടു്; കുഞ്ഞിത്തവള കൊന്നിട്ടും!

പൂ:—തമ്പിക്കു് എന്നോടൊന്നു ഗുസ്തി പിടിക്കണമെന്നാണൊ ചുരുക്കം?

തമ്പി:—എന്റെ ആവശ്യത്തിന്റെ ചുരുക്കം അതാണു്.

പൂ:—ശരി, ഇന്നേയ്ക്കു് അഞ്ചാംദിവസം അടുത്ത കുന്നിൻ പുറത്തു് ഉച്ചയ്ക്കു് മേൽ ഗുസ്തി നടത്താം. കൈ കൊടുക്കു. തമ്പി കൈ കൊടുത്തു. തമ്മിൽ പിരിഞ്ഞു. പൂവാലൻ വീണ്ടും കിടക്കാനാരംഭിച്ചു. ആരോ പുറത്തു വന്നതു പോലെ തോന്നി. പുറത്താരാണു്?

മൂപ്പത്തു്:—അയ്യോ—എന്റെ കുഞ്ഞുങ്ങളെ കണ്ടില്ലല്ലോ.

പൂ:—തന്റെ പാട്ടിനു പോകു. ഞാനൊന്നു കിടക്കട്ടെ.

മൂ:—ഇവിടം മുതൽ അവിടംവരെ തന്റെ കാൽച്ചുവട്ടു ഞാൻ കാണിച്ചുതരാം. പുറത്തിറങ്ങു.

പൂ:—മൂപ്പരെ, തമ്പികളഞ്ഞു് ആലിൻ മുകളിൽ കയറിയെന്നു് ആരോ പറഞ്ഞു കേട്ടു.

മൂ:—അദ്ദേഹവും ഞാനുമായി പിണങ്ങാനെടുക്കുന്ന സൂത്രമല്ലെ ഇതു്. തമ്പികളഞ്ഞു് എത്ര യോഗ്യൻ.

പൂ:—തന്റെ പാട്ടുനോക്കു. ഞാനുറങ്ങട്ടെ.

മൂ:—നീ_ഉണരാതെ പോകട്ടെ.

പൂ:—നീ_ഉറങ്ങാതെ പോകട്ടെ.

മൂ:—ശരിയാണു്. ഞാനെങ്ങനെ ഉറങ്ങും?

പൂ:—ശരിയാണു്. ഞാനെങ്ങനെ ഉണരും? ഉറങ്ങിട്ടു വേണ്ടെ? നിന്നോടു ദൈവം ചോദിക്കട്ടെ, എന്നു പറഞ്ഞു മൂപ്പരു പറന്നു പോയി.

# അദ്ധ്യായം അഞ്ച്.

മല്ലയുദ്ധം കാണ്മാൻ പക്ഷികൾ കൂട്ടംകൂടി. അവിട വിടെ കോഴികൾ കയറിനില്ക്കുന്നു. പൂവാലൻ യുദ്ധക്കളത്തിനടുത്തുള്ള ഒരു പൊത്തിനകത്താണ്. അന്നു വെളുപ്പിനുതന്നെ മൂപ്പരെന്നു പറഞ്ഞുപോരുന്ന മൂങ്ങ ചുള്ളികൾ ശേഖരിച്ചു കുറച്ചകലെ തീയെരിച്ചു കൊണ്ടിരിക്കുന്നു. തീയൊതുങ്ങുന്ന ക്രമത്തിനു വീണ്ടും ചുള്ളികളിട്ട് കെടാതെ സൂക്ഷിക്കുന്നുണ്ട്. ഇതു് എന്തൊരാവശ്യത്തിനാണെന്നു പല പക്ഷികളും ചോദിച്ചു. ഉത്തരം ഉണ്ടായിട്ടില്ല. ഗുസ്തിയുടെ സമയമായിട്ടും മൂപ്പരുടെ ശ്രദ്ധ മുഴുവൻ തീയെരിക്കുന്നതിലാണ്. സമയമായി. തമ്പിക്കുഞ്ഞു വന്നുകഴിഞ്ഞു. മുകളിലും താഴെയുമായി കാണികൾ തിങ്ങിക്കൂടി. തമ്പിക്കു രസംതോന്നി. കുറഞ്ഞൊന്നകന്നു മൂപ്പരുടെ തീക്കുണ്ഡം കണ്ടിട്ട് ഇതെന്തിനെന്നു തമ്പി ചോദ്യം ചെയ്തു. ആവശ്യമുണ്ട്; സമയത്തിനു പറയാം എന്നു മറുപടിയും കിട്ടി. തമ്പി, എതിരാളിയെ വിളിച്ചു. പൊത്തിനകത്തിരുന്നു വിളി കേട്ടു.

തമ്പി:—സമയമായില്ലേ?

പൊത്തിനകം:—ആയെങ്കിൽ ചുവടുവെച്ചു തുടങ്ങാം.

തമ്പി:—എതിരാളിയില്ലാതെ എന്തൊരു ചുവടുവയ്പാണ്?

പൊ:—എതിരാളിക്കു ചുവടൊന്നും വയ്ക്കാനില്ല, താങ്കൾക്കുവേണമെങ്കിൽ നടത്താം.

തമ്പി:—പുറത്തേയ്ക്കു വരുന്നില്ലേ?

പൊ:—അകത്തും പുറത്തുമിരുന്നാണൊ ഗുസ്തി നടത്തുന്നതു്?

തമ്പി:—അതെല്ലെ പറഞ്ഞതു്; പുറത്തേയ്ക്കു വരു; കാഴ്ചക്കാർ അക്ഷമരായിരിക്കുന്നു.

പൊ:—അക്ഷമരോടു പോകാൻ പറയു.

തമ്പി:—പൂവാലരെ—ഇന്നു ഗുസ്തിയില്ലേ?

പൊ:—തമ്പികുഞ്ഞേ—തുടങ്ങിക്കൊള്ളു.

തമ്പി:—കാഴ്ചക്കാരായ സഹോദരികളെ, സഹോദരന്മാരെ, കരാറുലംഘനം ചെയ്ത പൂവാലനെ പൊത്തിനകത്തിട്ടു കൊല്ലണം. എല്ലാവരും വരുവിൻ. ഇതു കേട്ടു കാഴ്ചക്കാർ ആർത്തുവിളിച്ചു അടുക്കാൻ തുടങ്ങി. ഉടനെ പൂവാലൻ തല പുറത്തു കാണിച്ചുകൊണ്ടു പറഞ്ഞു:—അടങ്ങിയൊതുങ്ങി നിൽക്കുവിൻ; ഞാനിതാ വരുന്നു. എല്ലാവരും അകന്നു. പൂവാലൻ പുറത്തു വന്നു. സകല ജന്തുക്കളും ചിരിച്ചു ബഹളമുണ്ടാക്കി. ചുമടു ചുമന്നിരിക്കുന്ന കഴുതയെപ്പോലെയാണു് കൂട്ടുകാരൻ പുറത്തു വന്നിരിക്കുന്നതു്. മുഖംമാത്രം വെളിയിൽ കാണാം പള്ളയും മുതുകും വയറും എല്ലാംതന്നെ എന്തുകൊണ്ടോ കനംപിടിപ്പിച്ചു് തുണി ചുററിയിരിക്കുന്നു. ഇതു കണ്ടു തമ്പികുഞ്ഞു പറഞ്ഞു:—പൂവാലരെ, ഇതുതാങ്കൾ തന്നെയാണൊ?

പൂ:— മുഖം നോക്കു.

ത:— മുഖം കണ്ടിട്ടു തോന്നുന്നുണ്ടു്. ഈ വേഷത്തിലാണൊ ഗുസ്തിനടത്താൻ പോകുന്നതു്?

പൂ:— വേഷത്തിലല്ലല്ലൊ, ജയത്തിലല്ലെ ഗുസ്തി അവസാനിക്കുന്നതു്?

ഉടനെ മൂപ്പരെന്നു പറയുന്ന മൂങ്ങ ഉറക്കെ വിളിച്ചു പറഞ്ഞു:— തമ്പിക്കുഞ്ഞേ, അയാളുടെ ദേഹം പഞ്ഞി കൊണ്ടു പൊതിഞ്ഞിരിക്കയാണു്. താങ്കൾ ചാടിക്കടിച്ചാൽ വായിൽ മുഴുവൻ പഞ്ഞിയാകും. ആ തരംനോക്കി കള്ളൻ താങ്കളെ കടിച്ചുകീറും. ചതിയല്ലാതെ ഗുസ്തിയൊന്നും കള്ളനറിഞ്ഞുകൂട. ഞാൻ തീ കൊളുത്തിക്കൊണ്ടുവന്നു് ഇപ്പോൾ അയാളുടെ പുറത്തിടും. വെന്തു ചാകട്ടെ.

പൂവാലൻ പൊത്തിലൊളിച്ചു. തമ്പിക്കുഞ്ഞു ചൊടിച്ചുകൊണ്ടു് ആജ്ഞാപിച്ചു. സഖാക്കളായ പക്ഷികളെ, നിങ്ങൾ കരിയിലകൊത്തിക്കൊണ്ടുവരുവിൻ. ഗുഹാമുഖത്തു തീയിട്ടു് ഈ കള്ളനെ കൊല്ലണം. പക്ഷികൾ ഇളകി. ഗുഹാമുഖത്തു കരിയില മഴപെയ്തു. എല്ലാം ഒത്തുകൂട്ടി മൂപ്പരു തീയുമിട്ടു. പൂവാലൻ വിളിച്ചു:—തമ്പിക്കുഞ്ഞേ,

ത:— സുഖമായി മരിച്ചുകൊള്ളു.

പൂ:— രക്ഷിക്കണം. ഗുസ്തിക്കുതയ്യാർ. ചതിവില്ല.

ത:— ശരി. പഞ്ഞിക്കുപ്പായം ഊരിയെടുത്തു് അതുകൊണ്ടു കരിയിലതള്ളിമാററി പുറത്തു ചാടു. രക്ഷിക്കാം.

പൂവാലൻ അങ്ങനെ ചെയ്തു പുറത്തുവന്നു. തമ്പിക്കുഞ്ഞടുത്തു; പൂവാലനും അടുത്തു. തൻെറ പിതാവിനോടു ചെയ്ത ദ്രോഹത്തെയോർത്തു് തമ്പി കുതിച്ചു ചാടി. പൂവാലൻ തലയൊളിച്ചു ചരിഞ്ഞുകിടന്നു. തമ്പി പള്ള

യിൽ കടിച്ചു. തെറിച്ചുമാറി. പാവത്തിൻെറ അണ്ണാക്കു വരെ ചളികയറി. വെടിക്കുഴലിൽനിന്നു ഉണ്ടപായും വിധം തമ്പിയുടെ വായിൽനിന്നു ചളി പുറത്തേയ്ക്കുപാഞ്ഞു. വായ വൃത്തിയാക്കിയിട്ടു തമ്പി പറഞ്ഞു:— നല്ലഗുസ്തി. പക്ഷികളെ, നിങ്ങൾ ഓരോ തുള്ളി വെള്ളമെങ്കിലും ഇവൻെറമേൽ ഒഴിക്കുക. ചളിയിൽ ഉരുണ്ടു പള്ളവശം കട്ടിപിടിപ്പിച്ചിരിക്കുന്ന ഈ കള്ളൻ ചളിയിൽ തന്നെ കുഴയട്ടെ. പിന്നെ ഞാൻ ശരിപ്പെടുത്താം. ഇതു കേട്ടു പൂവാലൻ പൊത്തിലൊളിച്ചു. എല്ലാവരും അടുത്തുകൂടി. പൂവാലൻ പൊത്തിലില്ല. ഇന്ദ്രജാലം—മഹേന്ദ്രജാലം—ആളുമാറാട്ടം— എന്തെടാ— ഏതെടാ— ആരെടാ— കേറിനെടാ അകത്തു്, എന്നിങ്ങനെ ജന്തുക്കൾ കൂക്കിവിളിച്ചു. പൊത്തിനകത്തെങ്ങും പൂവാലനില്ല. മൂപ്പരു ദൂരെയിരുന്നു കൊണ്ടു പറഞ്ഞു:— ഞാൻ അവനെ അവിടെത്തന്നെ പുറത്തുചാടിക്കാം. ആ പൊത്തു് ഇവിടെ വന്നാണു് അവസാനിക്കുന്നതു്. അതുകണ്ടാണു ഞാൻ തീയെരിക്കുന്നതു്. പുകഞ്ഞു പുകഞ്ഞു് ഇവൻ അവിടെത്തന്നെ ചാടും. വിടരുതു്. പറഞ്ഞതുപോലെ പൂവാലൻ പുറത്തു ചാടി. ജന്തുക്കൾ ഒഴിഞ്ഞു. തമ്പിയടുത്തു. കൂട്ടിമുട്ടി. ഉരുണ്ടുമറിഞ്ഞു. പൊങ്ങിച്ചാടി തമ്മിലകന്നു. കാലിലുരച്ചു. വീണ്ടുമടുത്തു. കടിച്ചുമറിഞ്ഞു. കുറുനരിവീരൻ മേലോട്ടേയ്ക്കു്. തമ്പിക്കുഞ്ഞും കൂടെപ്പൊങ്ങി. തമ്മിലണഞ്ഞു. കറങ്ങിത്താണു. വീണ്ടും പൊങ്ങി. മിന്നലുവേഗം. പൊങ്ങിത്താന്നു; പൊങ്ങിത്താന്നു. രണ്ടിച്ചിരുവരുമങ്ങിങ്ങായി. കൂടിയടുത്തു. വാലിനു വാലു കടിച്ചുവലിച്ചു. തമ്പിചൊടിച്ചു.

കഴുത്തു ഞെരിഞ്ഞു പൂവാലന്റെ. പാവം പാവം കരഞ്ഞു മലന്നു. തമ്പിയൊഴിഞ്ഞു. ആൎത്തുവിളിച്ചു കൂട്ടത്തോടെ.

തമ്പി:—പൂവാലരെ,

പൂ:—പറഞ്ഞതുപോലെ.

തമ്പി:—ഉടൻ നാടുവിടണം.

പൂ:—ഇപ്പോൾ തന്നെ.

തമ്പി:—എന്നാലാട്ടെ.

പൂ:—ബഹു മാന്യരായ സ്നേഹിതരെ, ഞാൻ നിങ്ങൾക്കു പല ഉപദ്രവും ചെയ്തിട്ടുണ്ടായിരിക്കാം. അതെല്ലാം ക്ഷമിക്കണം. എനിക്കു ബന്ധുവും കുഡുംബവും മറുനാട്ടിലുണ്ട്. ഈ തമ്പികുഞ്ഞിന്റെ നാടിനോടു എന്നേയ്ക്കുമായി ഞാൻ യാത്രപറയുന്നു. ഞാൻ പോകുന്നു. എങ്കിലും ഒന്നുകൂടി നിങ്ങളോടു പറഞ്ഞുകൊള്ളട്ടെ. തമ്മിൽ യോജിക്കാത്ത നിങ്ങൾ യോജിച്ചിരിക്കുന്നു. യോജിപ്പിനു നേരെ സൂത്രമൊന്നും പാറുകയില്ല. അതുകൊണ്ടു മാത്രമാണ് എനിക്കിങ്ങനെ പോകേണ്ടി വന്നതു്. ഇതുകൊണ്ടു് എനിക്കൊന്നുമില്ല. തീൎച്ചയായുമില്ല. എന്നാൽ തമ്പികുഞ്ഞു് നിങ്ങളൊക്കെ വിചാരിക്കുന്നതുപോലെ മാന്യനല്ല.

ജന്തുക്കൾ:— അതൊക്കെ ഞങ്ങൾ തീൎച്ചപ്പെടുത്തിക്കൊള്ളാം. നിങ്ങൾ പൊയ്ക്കൊള്ളണം.

നമസ്കാരം! നമസ്കാരം! എല്ലാവൎക്കും നമസ്കാരം! പൂവാലൻ— നിങ്ങളുടെ പൂവാലൻ — ഇതാപോകുന്നു.

ജന്തു:— പറഞ്ഞുപറഞ്ഞു് അമാന്തിക്കരുതു്. വേഗമാകട്ടെ. പൂവാലൻ പോയി. ഇതാ— ഈ നാട്ടിലെ ച

തിവെല്ലാം പോകുന്നു; എന്നു പറഞ്ഞു് ജന്തുക്കൾ ആഹ്ലാദിച്ചു.

തമ്പികുഞ്ഞു കുറച്ചുനാൾ നല്ല നാട്ടുകാര്യസ്ഥനായി തന്നെ കഴിഞ്ഞു. പിന്നീടു പട്ടാളത്തിലേയ്ക്കു ക്ഷണിച്ചതനുസരിച്ചു് അങ്ങോട്ടുപോയി. അവിടെ മാനമായി വേല ചെയ്തതിന്റെ ഫലവും കിട്ടി. ഇപ്പോൾ അദ്ദേഹം ഒരു കമാന്നാണു്.

ശുഭം

# ശ്രീ. ചങ്ങമ്പുഴയുടെ കൃതികൾ

| | | | |
|---|---|---|---|
| രമണൻ | 1 | 6 | 0 |
| സ്പന്ദിക്കുന്ന അസ്ഥിമാടം | 2 | 0 | 0 |
| അപരാധികൾ | 1 | 0 | 0 |
| സാഹിത്യ ചിന്തകൾ | 1 | 0 | 0 |
| ഹേമന്തചന്ദ്രിക | 1 | 8 | 0 |
| ബാഷ്പാഞ്ജലി | 1 | 8 | 0 |
| രക്തപുഷ്പങ്ങൾ | 1 | 4 | 0 |
| സങ്കല്പകാന്തി | 1 | 4 | 0 |
| ഓണപ്പൂക്കൾ | 1 | 0 | 0 |
| വത്സല | 0 | 8 | 0 |
| ദേവത | 0 | 8 | 0 |
| ആരാധകൻ | 0 | 8 | 0 |
| തിലോത്തമ | 0 | 8 | |
| മോഹിനി | 0 | 8 | |
| ചൂഡാമണി | 1 | 0 | |
| ശ്രീതിലകം | 1 | 0 | |
| കലാകേളി | 0 | 12 | |
| നവഭാവന (ശ്രീദേവി ചങ്ങമ്പുഴ) | 0 | 8 | 0 |
| കളിത്തോഴി (അച്ചടിയിൽ) | 2 | 0 | 0 |

"ബാലസാഹിതി" [*Edited by Changampuzha*]

| | | | |
|---|---|---|---|
| No. 1 ഓമന—ഇടപ്പള്ളി കെ. എൻ. നാരായണപിള്ള | 0 | 8 | 0 |
| No. 2 തമ്പിക്കുഞ്ഞ് Do | 0 | 8 | 0 |

മംഗളോദയം ലിമിററഡ്, തൃശ്ശിവപേരൂർ.